



## സുപ്രീംകോടതി വിധി

2017 ജൂലൈ 3

# ഒരിടയനും ഒരാട്ടിൻകൂട്ടവും



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ



## സുപ്രീംകോടതി വിധി
2017 ജൂലൈ 3

# ഒരിടയനും ഒരാട്ടിൻകൂട്ടവും

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ



# ഉള്ളടക്കം


## ഭാഗം 1

1) സമാധാനത്തിനായി ഒരുമിക്കാം – പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ
2) ഇത് സമഗ്രവിധി – അഡ്വ. ബിജു ഉമ്മൻ
3) വിധിസംഗ്രഹം

## ഭാഗം 2

1) മലങ്കരസഭ – ഒരു ആമുഖം
2) സ്വർഗീയ സമ്മാനം
   – ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത
3) സുവർണ്ണാവസരം നഷ്ടമാക്കരുത്
   – ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത
4) ദൈവകൃപയുടെ പ്രവാഹം
   – ഡോ. യുഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്ത
5) മലങ്കര സഭ : വ്യവഹാരത്തിന്റെ നാൾവഴികൾ
6) ചരിത്ര മുഹൂർത്തങ്ങൾ


സുപ്രീംകോടതി വിധി
2017 ജൂലൈ 3

**ഒരിടയനും ഒരാട്ടിൻകൂട്ടവും**


Printed & Published by
**Prof. P.C.Alias (P.R.O.)**
Department of Public Relations

Edited by
**Fr. Thomas P. Zacharia**
**Fr. P.A. Philip**
**Fr. Paul P. Thomas**
**Fr. Alex John**
**Fr. Varghese Lal**

Translation
**Adv. Saji Koduvathu**



പൗരസ്ത്യ കാതോലിക്കായും
മലങ്കര മെത്രാപ്പോലീത്തായുമായ പരിശുദ്ധ ബസേലിയോസ്
മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

ప. സഭയിൽ നിലനിന്നിരുന്ന വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട് ഭാരതത്തിന്റെ പരമോന്നത നീതിപീഠമായ സുപ്രീം കോടതിയിൽ നിന്നും ജൂലൈ മാസം 03-ാം തീയതി ഉണ്ടായ വിധിയെ സംബന്ധിച്ച് നിങ്ങളേവരും അറിഞ്ഞിട്ടുള്ളതാണല്ലോ. ഈ വിധി പരിശുദ്ധ സഭയിൽ സമാധാനം പുന:സ്ഥാപിക്കുന്നതിന് ലഭ്യമായ അവസരമാകയാൽ ഒരു ദൈവാനുഗ്രഹമായി കാണുവാനാണ് നാം ആഗ്രഹിക്കുന്നത്. മലങ്കരസഭാമക്കൾ ഏവരും അപ്രകാരം കരുതും എന്നുതന്നെയാണ് നാം പ്രതീക്ഷിക്കുന്നതും. ഈ വിധിയുടെ പശ്ചാത്തലത്തിൽ ഏതാനും കാര്യങ്ങൾ നിങ്ങളെ ഓർമ്മപ്പെടുത്തുന്നത് യുക്തമെന്ന് നാം കരുതുന്നു.

വാത്സല്യ മക്കളെ,

ബഹു. സുപ്രീംകോടതിയുടെ ഇപ്പോഴുണ്ടായ വിധിയുടെ അടിസ്ഥാനത്തിൽ മലങ്കരസഭാംഗങ്ങൾ ഏവരും ഒന്നായിത്തീരേണ്ടത് അങ്ങേയറ്റം ആവശ്യമാണ്. പരിശുദ്ധ സഭയുടെ മക്കൾ മുഴുവനും ഒരേ വിശ്വാസത്തിന്റെ പൈതൃകം പേറുന്ന കുടുംബാംഗങ്ങൾ തന്നെയാണ്. അതിനാൽ നാമെല്ലാവരും ഈ കോടതി വിധിയുടെ അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ട് ഏകവും വിശുദ്ധവുമായ സഭയുടെ മക്കളായി വർത്തിക്കണമെന്നും ബഹു. സുപ്രീംകോടതി ആവർത്തിച്ചുറപ്പിച്ചതായ സഭാ ഭരണഘടനയുടെ അടിസ്ഥാനത്തിൽ പരിശുദ്ധ സഭയിൽ ശാശ്വതസമാധാനം ഉണ്ടാകണമെന്നുമാണ് നമ്മുടെ ആഗ്രഹം. ‘കലഹം പിശാചിന്റെ കൗശലമാണ്, സമാധാനം ദൈവത്തിന്റെ ദാനമാണ്’– ഈ വസ്തുത നാം ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. ദൈവീകമായ സമാധാനം ഈ പരിശുദ്ധ സഭയിൽ പൂർണ്ണമായും നിലനിൽക്കുവാൻ ദൈവാശ്രയത്തോടും സമചിത്തതയോടും കൂടെ ദൈവമുമ്പാകെ മുട്ടിപ്പായി പ്രാർത്ഥിക്കണം എന്ന് നാം നിങ്ങളെ പ്രത്യേകമായി ഓർമ്മിപ്പിക്കുന്നു. കേസും വഴക്കും സഭയുടെ സാക്ഷ്യത്തിനും പുരോഗതിക്കും എന്നും വിഘാതമാ

ണ്. പ്രശ്നരഹിതമായ സാഹചര്യം സൃഷ്ടിച്ച് സഭാംഗങ്ങളുടെ ആത്മീകവും ഭൗതീകവുമായ പുരോഗതിക്കായി പദ്ധതികൾ ആവിഷ്കരിക്കുകയാണ് ഏറ്റവും കരണീയമെന്ന് നാം കരുതുന്നു. ആയതിനാൽ''സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ''എന്ന ദൈവവചനം പ്രാവർത്തികമാക്കുവാനും സമാധാനം പുലരുവാനും നമുക്ക് പ്രാർത്ഥിക്കുകയും ദൈവാശ്രയത്തോടെ ഒത്തുചേർന്ന് പ്രവർത്തിക്കുകയും ചെയ്യാം. നാമേവരും മലങ്കര സഭയുടെ വിശ്വാസം പൂർണ്ണമായി പാലിക്കണമെന്നും ദൈവീകമായ സമാധാനത്തിന്റെ ആത്മാവിൽ നിലകൊള്ളണമെന്നും നാം വീണ്ടും നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും യൽദോ മാർ ബസേലിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.................

**ബസേലിയോസ് മാർത്തോമ്മാ**
**പൗലോസ് ദ്വിതീയൻ**

2017 ജൂലൈ മാസം 11-ാം തീയതി

കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും



# ഇത് സമഗ്രവിധി


**അഡ്വ. ബിജു ഉമ്മൻ**

അസോസിയേഷൻ സെക്രട്ടറി


**"നീതിക്കായി വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ അവർക്ക് തൃപ്തിവരും."**


**"സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ അവർ ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും."**

**വി. മത്തായി 5: 6–9**



2017 ജൂലൈ 3 ന് ഇന്ത്യയുടെ പരമോന്നത നീതിപീഠത്തിൽ നിന്ന് നമുക്ക് ലഭിച്ച വിധിയോടെ ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ള സഭാതർക്കം അവസാനിക്കുകയാണ്. നീതിക്കായി വിശന്ന് ദാഹിച്ച തലമുറകളുടെ പ്രാർത്ഥനയ്ക്ക് ലഭിച്ച ദൈവാനുഗ്രഹമാണ് ഈ വിധി. അത്യുന്നത ന്യായപീഠത്തിൽനിന്ന് പല വിധികളുണ്ടായിട്ടുണ്ടെങ്കിലും എല്ലാ പഴുതുകളും അടച്ച ഒരു സമഗ്ര വിധി ലഭിക്കുന്നത് ഇപ്പോഴാണ്. കക്ഷിഭേദമെന്യേ മലങ്കരസഭയുടെ എല്ലാ അംഗങ്ങൾക്കും ഈ വിധി ബാധകമാണ്. ഇതുപ്രകാരം 1934-ലെ ഭരണഘടനയ്ക്ക് വിധേയമായി മലങ്കര മെത്രാപ്പോലീത്തായുടെ നേതൃത്വം അംഗീകരിച്ച് ഏകസഭയായി നിലകൊള്ളണമെന്നാണ് സുപ്രീം കോടതി വ്യക്തമാക്കിയിരിക്കുന്നത്. മലങ്കര സഭയുടെ ഒരു സ്വത്തും പങ്കുവെയ്ക്കാനോ, സമാന്തര ഭരണമോ ബദൽ സംവിധാനമോ ഏർപ്പെടുത്തുവാനോ സാധ്യമല്ലെന്ന് വ്യക്തമാക്കുന്ന ഈ വിധി ദൈവീക ഇടപെടലിന്റെ ഭാഗമായി കരുതാവുന്നതാണ്. 'ഒരു സഭ, ഒരു നിയമം, ഒരു ഭരണക്രമം' എന്ന അടിസ്ഥാന പ്രമാണത്തിലൂന്നിയാണ് ഈ വിധിന്യായം പ്രഖ്യാപിച്ചിട്ടുള്ളത്.

വിധിന്യായത്തെ സംബന്ധിച്ച് തെറ്റിദ്ധാരണാജനകമായ വ്യാഖ്യാനങ്ങൾ സഭയിലും, സമൂഹത്തിലും പ്രചരിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. അതിന് പരിഹാരമായി സുപ്രീം കോടതി വിധിയുടെ പ്രസക്ത ഭാഗങ്ങളും, അവയുടെ മലയാളം പരിഭാഷയും, സഭാപിതാക്കന്മാരുടെ ലേഖനങ്ങളും സഹിതം പ്രസിദ്ധീകരിക്കണമെന്നുള്ള പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയുടെ കൽപ്പനപ്രകാരമാണ് ഇത് പ്രസിദ്ധീകരിക്കുന്നത്. സഭാഗംങ്ങൾക്കും പൊതുസമൂഹത്തിനും സത്യം മനസ്സിലാക്കുവാൻ ഈ പ്രസിദ്ധീകരണം സഹായിക്കട്ടെ. സഭയിൽ ശാശ്വത സമാധാനം ഉണ്ടാകുവാൻ ബന്ധപ്പെട്ടവരുടെ ഹൃദയങ്ങളിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് പ്രവർത്തിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഇത് സവിനയം സമർപ്പിച്ചുകൊള്ളുന്നു.



# വിധിസംഗ്രഹം

1. Malankara Church is Episcopal in character to the extent it is so declared in the 1934 Constitution. The 1934 Constitution fully governs the affairs of the Parish Churches and shall prevail.

   മലങ്കര സഭ, 1934 -ലെ ഭരണഘടനയിൽ പ്രഖ്യാപിച്ചിട്ടുള്ളത്ര എപ്പിസ്കോപ്പൽ സ്വഭാവമുള്ളതാണ്. 1934 -ലെ ഭരണഘടന ഇടവകപ്പള്ളിക്കാര്യങ്ങളെ പൂർണ്ണമായി നിയന്ത്രിക്കുന്നതും (ഭരിക്കുന്നതും) അത് സ്ഥായിയായി നിലനില്ക്കുന്നതുമാണ്.

2) The decree in the 1995 judgment is completely in tune with the judgment. There is no conflict between the judgment and the decree.

   1995 -ലെ സുപ്രീം കോടതി വിധിത്തീർപ്പ് പൂർണ്ണമായും ആ കേസിലെ വിധിന്യായത്തിന് അനുസൃതമാണ്; വിധിത്തീർപ്പും (ഡിക്രി) വിധിന്യായവും (ജഡ്ജ്മെന്റ്) തമ്മിൽ ഭിന്നതയില്ല.

3) The 1995 judgment arising out of the representative suit is binding and operates as resjudicata with respect to the matters it has decided, in the wake of provisions of Order 1 Rule 8 and Explanation 6 to section 11 CPC. The same binds not only the parties named in the suit but all those who have interest in the Malankara Church. Findings in earlier representative suit, i.e., Samudayam suit are also binding on Parish Churches/Parishioners to the extent issues have been decided.

പ്രാതിനിധ്യ സ്വഭാവത്തോടെ നടത്തിയ കേസിലുണ്ടായ 1995 -ലെ സുപ്രീം കോടതി വിധി, ഇതിൽ നിശ്ചയിച്ചിട്ടുള്ള കാര്യങ്ങളിൽ റസ്ജൂഡിക്കേറ്റാ എന്ന നിലയിൽ, പ്രതിനിധീകരിക്കപ്പെട്ടവരെ ബന്ധിക്കുന്നതും നടപ്പാകുന്നതുമാണ്. സിവിൾ നടപടി നിയമം ഒന്നാം ഉത്തരവ് എട്ടാം ചട്ടവും 11-ാം വകുപ്പിലെ 6-ാം വിശദീകരണവും ഇവിടെ പ്രസക്തമാണ്. ഈ വിധി, കേസിൽ കക്ഷികളായി പറഞ്ഞിട്ടുള്ളവർക്ക് മാത്രമല്ല, മറിച്ച്, മലങ്കര സഭയിലെ എല്ലാ തല്പരകക്ഷികൾക്കും ബാധകമാണ്. മുമ്പുണ്ടായ, പ്രാതിനിധ്യസ്വഭാവത്തോടെയുള്ള, സമുദായക്കേസിൽ കൈക്കൊണ്ടിട്ടുള്ളിടത്തോളം തർക്കവിഷയങ്ങളിലെ തീരുമാനങ്ങൾ, പള്ളികളേയും ഇടവകാംഗങ്ങളെയും ബന്ധിക്കുന്നതാണ്.

4) As the 1934 Constitution is valid and binding upon the Parish Churches, it is not open to any individual Church, to decide to have their new Constitution like that of 2002 in the so-called exercise of right under Articles 25 and 26 of the Constitution of India. It is also not permissible to create a parallel system of management in the churches under the guise of spiritual supremacy of the Patriarch.

1934 -ലെ ഭരണഘടന സാധുവാണ്; ഇടവകപ്പള്ളികളെ ബന്ധിക്കുന്നതാണ്. ഇക്കാരണത്താൽ, ഇൻഡ്യൻ ഭരണഘടനയുടെ 25, 26 അനുച്ഛേദങ്ങൾ നൽകുന്ന അവകാശങ്ങളുടെ പ്രയോഗം എന്നു പറഞ്ഞു കൊണ്ട് ഒരു പള്ളിക്കും അവരുടെ 2002 -ലെ പുതിയ ഭരണഘടന പോലുള്ള ഭരണഘടനയുണ്ടാകണമെന്നു നിശ്ചയിക്കാവുന്നതല്ല. പാത്രീയർക്കീസിന്റെ ആത്മീയ മേൽക്കോയ്മയുടെ മറവിൽ പള്ളികളിൽ സമാന്തര ഭരണ സംവിധാനം ഉണ്ടാക്കുക എന്നതും അനുവദനീയമല്ല.

5) The Primate of Orthodox Syrian Church of the East is Catholicos. He enjoys spiritual powers as well, as the Malankara Metropolitan. Malankara Metropolitan has the prime jurisdiction regarding temporal, ecclesiastical and spiritual administration of Malankara Church subject to the riders provided in the 1934 Constitution.


പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ കാതോലിക്കായാണ്. മലങ്കര മെത്രാപ്പോലീത്ത എന്ന നിലയിൽ ആത്മീയാധികാരങ്ങളും അദ്ദേഹം വഹിക്കുന്നു. മലങ്കര സഭയുടെ ലൗകികവും, വൈദികവും, ആത്മീയവുമായ ഭരണത്തിന്റെ പ്രധാന ഭാരവാഹിത്വം, 1934 -ലെ ഭരണഘടനയ്ക്ക് വിധേയമായി, മലങ്കര മെത്രാപ്പോലീത്തായ്ക്കുള്ളതാണ്.

6) Full effect has to be given to the finding that the spiritual power of the Patriarch has reached to a vanishing point. Consequently, he cannot interfere in the governance of Parish Churches by appointing Vicar, Priests, Deacons, Prelates (High Priests) etc. and thereby cannot create a parallel system of administration. The appointment has to be made as per the power conferred under the 1934 Constitution on the concerned Diocese, Metropolitan etc.

പാത്രിയർക്കീസിന്റെ ആത്മീയാധികാരം അപ്രത്യക്ഷമാകുന്ന ബിന്ദുവിലെത്തിയെന്ന കോടതിയുടെ കണ്ടെത്തലിന് സർവ്വശക്തിയും നൽകേണ്ടിയിരിക്കുന്നു. ഇതിന്റെ ഫലമായി, പാത്രിയർക്കീസിന് പള്ളികളുടെ ഭരണകാര്യത്തിൽ ഇടപെടാവുന്നതല്ല; വികാരിമാരെയും വൈദികരെയും ശെമ്മാശന്മാരെയും മെത്രാന്മാരെയും നിയമിക്കാവുന്നതല്ല. ഈ നിയമനങ്ങൾ, 1934 -ലെ ഭരണഘടന പ്രകാരം, ബന്ധപ്പെട്ട ഭദ്രാസനങ്ങൾ, മെത്രാപ്പോലീത്തമാർ തുടങ്ങിയവരിൽ നിക്ഷിപ്തമാണ്.

7) Though it is open to the individual member to leave a Church in exercise of the right not to be a member of any Association and as per Article 20 of the Universal Declaration of Human Rights, the Parish Assembly of the Church by majority or otherwise cannot decide to move church out of the Malankara Church. Once a trust, is always a trust

ഒരു സഭാംഗത്തിനു സഭ വിട്ടു പോകാം. ഏതു സംഘടനയുടെയും അംഗത്വം വേണ്ടെന്ന് വെക്കാനുള്ള അവകാശത്തിനും ആഗോള മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ 20-ാം അനുച്ഛേദത്തിനും അനുസൃതമാണിത്. എന്നാൽ ഒരു പള്ളിയുടെ ഇടവക പൊതുയോഗത്തിന് ഭൂരിപക്ഷ തീരുമാനപ്രകാരമോ അല്ലാതെയോ മലങ്കര സഭ വിട്ടുമാറുവാൻ തീരുമാനിക്കാവുന്നതല്ല. ഒരിക്കൽ ട്രസ്റ്റുണ്ടായാൽ അത് എക്കാലവും നിലനിൽക്കും.



8) When the Church has been created and is for the benefit of the beneficiaries, it is not open for the beneficiaries, even by a majority, to usurp its property or management. The Malankara Church is in the form of a trust in which, its properties have vested. As per the 1934 Constitution, the Parishioners though may individually leave the Church, they are not permitted to take the movable or immovable properties out of the ambit of 1934 Constitution without the approval of the Church hierarchy.

ഒരു സഭ രൂപീകരിക്കുകയും അത് അതിന്റെ ഗുണഭോക്താക്കളുടെ മെച്ചത്തിനു വേണ്ടിയായിരിക്കുകയും ചെയ്യുമ്പോൾ, പ്രസ്തുത ഗുണഭോക്താക്കൾക്ക്, ഭൂരിപക്ഷത്തോടെയായാൽ പോലും, അതിന്റെ വസ്തുക്കളും ഭരണവും കൈപ്പിടിയാലാക്കുവാൻ കഴിയുന്നതല്ല. മലങ്കര സഭ ഒരു ട്രസ്റ്റിന്റെ രൂപത്തിലുള്ളതാണ്. ട്രസ്റ്റിലാണ് അതിന്റെ വസ്തുക്കൾ നിക്ഷിപ്തമാകുന്നത്. 1934 -ലെ ഭരണഘടനപ്രകാരം, ഇടവകാംഗങ്ങൾക്കു ഒറ്റയ്ക്കൊറ്റയ്ക്ക് സഭ വിട്ടു പോകാം. എന്നാൽ സഭാധികാരികളുടെ അംഗീകാരമില്ലാതെ 1934 -ലെ ഭരണഘടനയുടെ പരിധിക്കു വെളിയിൽ സഭയുടെ സ്ഥാവരജംഗമ സ്വത്തുക്കൾ എടുത്തുകൊണ്ടുപോകുവാൻ അനുവദിക്കപ്പെട്ടിട്ടില്ല.

9) The spiritual power of Patriarch has been set up by the appellants clearly in order to violate the mandate of the 1995 judgment of this Court which is binding on the Patriarch, Catholicos and all concerned.

പാത്രിയർക്കീസിനും കാതോലിക്കായ്ക്കും ബന്ധപ്പെട്ട എല്ലാവർക്കും ബാധകമായ 1995 -ലെ കോടതി വിധിയിലെ ആജ്ഞകൾ ലംഘിക്കുന്നതിനാണ് അപ്പീൽവാദികൾ പാത്രിയർക്കീസിന്റെ ഭൗതീകാധികാരങ്ങൾ ഉയർത്തിപ്പിടിക്കുന്നത് എന്നത് വ്യക്തമാണ്.

10) As per the historical background and the practices which have been noted, the Patriarch is not to exercise the power to appoint Vicar, Priests, Deacons, Prelates etc. Such powers are reserved

to other authorities in the Church hierarchy. The Patriarch, thus, cannot be permitted to exercise the power in violation of the 1934 Constitution to create a parallel system of administration of Churches as done in 2002 and onwards.

ചരിത്രപശ്ചാത്തലവും പിന്തുടർന്ന് പോന്ന നടപടിക്രമങ്ങളും പ്രകാരം, പാത്രിയർക്കീസിന്, വികാരിമാർ, വൈദികർ, ശെമ്മാശന്മാർ, മേല്പട്ടക്കാർ തുടങ്ങിയവരെ നിയമിക്കാനുള്ള അധികാരം പ്രയോഗിക്കാവുന്നതല്ല. ഇത്തരം അധികാരങ്ങൾ സഭയുടെ അധികാരശ്രേണിയിലുള്ള മറ്റ് അധികാരികൾക്കുമാത്രമായി മാറ്റിവച്ചിട്ടുള്ളതാണ്. അതുകൊണ്ട് 2002 -ലും തുടർന്നും ചെയ്തതുപോലെ, പള്ളികളിൽ സമാന്തര ഭരണ സംവിധാനം സൃഷ്ടിക്കുന്നതിനായി 1934 -ലെ ഭരണഘടന ലംഘിച്ചു കൊണ്ട് അധികാരം വിനിയോഗിക്കുന്നതിന് പാത്രിയർക്കീസിനെ അനുവദിക്കാവുന്നതല്ല.

11)This Court has held in 1995 that the unilateral exercise of such power by the Patriarch was illegal. The said decision has also been violated. It was only in the alternative this Court held in the 1995 judgment that even if he has such power, he could not have exercised the same unilaterally which we have explained in this judgment.

ഏകപക്ഷീയമായ, മേൽപറഞ്ഞ, പാത്രിയർക്കീസിന്റെ അധികാരപ്രയോഗങ്ങൾ നിയമവിരുദ്ധമാണെന്ന് 1995 -ൽ ഈ കോടതി വിധിച്ചതാണ്. ഈ വിധിയും ലംഘിച്ചിരിക്കുകയാണ്. ഞങ്ങൾ ഈ വിധി ന്യായത്തിൽ വിശദീകരിച്ചിട്ടുള്ള പ്രകാരം, പക്ഷാന്തരമായി മാത്രമാണ്, 1995 -ലെ വിധിയിൽ, പാത്രിയർക്കീസിന് അധികാരമുണ്ടെങ്കിൽതന്നെ അതു പ്രയോഗിക്കാൻ കഴിയുന്നതല്ലായെന്നു തീരുമാനം കൈക്കൊണ്ടത്.

12)It is open to the Parishioners to believe in the spiritual supremacy of Patriarch or apostolic succession but it cannot be used to appoint Vicars, Priests, Deacons, Prelates etc. in contravention of the 1934 Constitution.

ഇടവകാംഗങ്ങൾക്ക് പാത്രിയർക്കീസിന്റെ ആത്മീയ മേലദ്ധ്യക്ഷതയിലും അപ്പോസ്തോലിക പിന്തുടർച്ചയിലും വിശ്വാസമർപ്പിക്കാൻ സ്വാതന്ത്ര്യമുണ്ട്. എന്നാൽ അത് 1934 -ലെ ഭരണഘടന അതിലംഘിച്ച്, വികാരിമാർ, വൈദികർ, ശെമ്മാശന്മാർ, മേൽപ്പട്ടക്കാർ തുടങ്ങിയവ



രുടെ നിയമനങ്ങൾ നടത്തുന്നതിനായി ഉപയോഗിക്കുവാൻ സാദ്ധ്യമല്ല.

13)Malankara Church is Episcopal to the extent as provided in the 1934 Constitution, and the right is possessed by the Diocese to settle all internal matters and elect their own Bishops in terms of the said Constitution.

മലങ്കര സഭ, 1934 -ലെ ഭരണഘടനയിൽ പറയുന്നത്ര എപ്പിസ്ക്കോപ്പലാണ്. ഇതിനാൽ മേല്പറഞ്ഞ ഭരണഘടനയിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഭദ്രാസനങ്ങൾക്ക് എല്ലാ ആഭ്യന്തര കാര്യങ്ങളിലും തീരുമാനം ചെയ്യാനവകാശമുള്ളതും ഭദ്രാസനങ്ങൾക്കായി മെത്രാന്മാരെ തെരഞ്ഞെടുക്കാവുന്നതുമാണ്.

14) Appointment of Vicar is a secular matter. There is no violation of any of the rights encompassed under Articles 25 and 26 of the Constitution of India, if the appointment of Vicar, Priests, Deacons, Prelates (High Priests) etc. is made as per the 1934 Constitution. The Patriarch has no power to interfere in such matters under the guise of spiritual supremacy unless the 1934 Constitution is amended in accordance with law. The same is binding on all concerned.

വികാരിമാരുടെ നിയമനം ലൗകിക വിഷയമാണ്.1934 -ലെ ഭരണഘടന പ്രകാരം, വികാരിമാർ, ശെമ്മാശന്മാർ, മെത്രാന്മാർ തുടങ്ങിയവരെ നിയമിക്കുന്നതുമൂലം, ഇന്ത്യൻ ഭരണഘടന 25, 26 അനുഛേദങ്ങൾ വിഭാവനം ചെയ്യുന്ന ഏതെങ്കിലും അവകാശങ്ങളുടെ ലംഘനം ഉണ്ടാകുന്നില്ല. ആത്മീയമേലദ്ധ്യക്ഷതയുടെ മറപിടിച്ച് മേല്പറഞ്ഞ കാര്യങ്ങളിൽ ഇടപെടുവാൻ പാത്രിയർക്കീസിന് അധികാരമില്ല. മറിച്ചാകണമെങ്കിൽ നിയമാനുസൃതം 1934 -ലെ ഭരണഘടന ഭേദഗതി ചെയ്യേണ്ടതുണ്ട്. ഈ സ്ഥിതി ബന്ധപ്പെട്ടവർക്കെല്ലാം ബാധകമാണ്.

15)Udampadis do not provide for appointment of Vicar, Priests, Deacons, Prelates etc. Even otherwise once the 1934 Constitution has been adopted, the appointment of Vicar, Priests, Deacons,



Prelates (high priests) etc. is to be as per the 1934 Constitution. It is not within the domain of the spiritual right of the Patriarch to appoint Vicar, Priests etc. The spiritual power also vests in the other functionaries of Malankara Church.

വികാരിമാർ, വൈദികർ , ശെമ്മാശന്മാർ, മേല്പട്ടക്കാർ തുടങ്ങിയവരുടെ നിയമനം സംബന്ധിച്ച് (കേസിൽ ഹാജരാക്കിയ കോലഞ്ചേരി പള്ളിയുടെ) ഉടമ്പടികൾ യാതൊന്നും വ്യവസ്ഥ ചെയ്യുന്നില്ല. മറിച്ചായാലും, ഒരിക്കൽ 1934 –ലെ ഭരണഘടന സ്വീകരിച്ചിരുന്നാൽ, ഈ ഭരണഘടന പ്രകാരമായിരിക്കണം വികാരിമാർ, വൈദികർ, ശെമ്മാശന്മാർ, മേല്പട്ടക്കാർ തുടങ്ങിയവരുടെ നിയമനങ്ങൾ നടത്തേണ്ടത്. ഈ നിയമനങ്ങൾ പാത്രിയർക്കീസിന്റെ ആത്മീയ അവകാശങ്ങളുടെ പരിധിയിൽ വരുന്നതല്ല. ആത്മീയ അധികാരങ്ങൾ മലങ്കര സഭയിലെ മറ്റ് ഭരണകർത്താക്കളിലും നിക്ഷിപ്തമാണ്.

16)The functioning of the Church is based upon the division of responsibilities at various levels and cannot be usurped by a single individual howsoever high he may be. The division of powers under the 1934 Constitution is for the purpose of effective management of the Church and does not militate against the basic character of the church being Episcopal in nature as mandated thereby. The 1934 Constitution cannot be construed to be opposed to the concept of spiritual supremacy of the Patriarch of Antioch. It cannot as well, be said to be an instrument of injustice or vehicle of oppression on the Parishioners who believe in the spiritual supremacy of the Patriarch.

വിവിധതലങ്ങളിൽ ചുമതലകൾ വിഭാഗിച്ചാണ് സഭയുടെ ഭരണം നടത്തുന്നത്. ഒരു വ്യക്തിക്ക്, അയാൾ എത്രതന്നെ ഉന്നതനായാലും, ഈ ഭരണരീതി കവർന്നെടുക്കാവുന്നതല്ല. 1934 –ലെ ഭരണഘടനയിലുള്ള ചുമതലവിഭജനം സഭയുടെ കാര്യക്ഷമമായ ഭരണത്തിനുവേണ്ടിയാണ്. ഭരണഘടനയിലെ ഇതു സംബന്ധിച്ച നിശ്ചയങ്ങൾ സഭ എപ്പിസ്കോപ്പൽ സ്വഭാവമുള്ളതാണെന്ന അടിസ്ഥാനതത്വത്തിന് എതിരല്ല. അന്ത്യോക്യാ പാത്രിയർക്കീസിന്റെ ആത്മീയ മേലദ്ധ്യക്ഷത എന്ന സങ്കല്പത്തിന് എതിരായാണ് 1934 –ലെ ഭരണഘടന എന്നു വ്യാഖ്യാനിക്കത്തക്കതല്ല. അതേപോലെ, ഇത് ഒരു അനീതി നിറച്ച സാമഗ്രിയോ പാത്രിയർക്കീസിന്റെ ആത്മീയ മേലദ്ധ്യക്ഷതയിൽ വിശ്വാസമർപ്പിച്ച ഇടവകാംഗങ്ങളെ അടിച്ചമർത്തുന്നതിനുള്ള ഉപാധിയോ ആകില്ല.



17) The Church and the Cemetry cannot be confiscated by anybody. It has to remain with the Parishioners as per the customary rights and nobody can be deprived of the right to enjoy the same as a Parishioner in the Church or to be buried honourably in the cemetery, in case he continues to have faith in the Malankara Church. The property of the Malankara Church in which is also vested the property of the Parish Churches, would remain in trust as it has for the time immemorial for the sake of the beneficiaries and no one can claim to be owners thereof even by majority and usurp the Church and the properties.

പള്ളിയോ, സെമിത്തേരിയോ ആർക്കും പിടിച്ചെടുക്കാവുന്നതല്ല. പുരാതന ആചാരപ്രകാരം നിലനിന്നുപോന്നപോലെ പ്രസ്തുത അവകാശത്തോടെ, ഇത് ഇടവകാംഗങ്ങളിൽ നിലനിൽക്കേണ്ടതാണ്. മലങ്കര സഭാ വിശ്വാസത്തിൽ തുടരുന്നിടത്തോളം, ഒരു ഇടവകാംഗം ഈ അവകാശങ്ങൾ അനുഭവിക്കുന്നതിനെ ആർക്കും നിഷേധിക്കാവുന്നതല്ല; സെമിത്തേരിയിൽ മാന്യമായി സംസ്ക്കരിക്കപ്പെടാനുള്ള അവകാശത്തെ ഹനിക്കാവുന്നതുമല്ല. മലങ്കര സഭാ വസ്തുക്കളും, അതിലുൾപ്പെട്ടതും അതിൽ നിക്ഷിപ്തമായതുമായ ഇടവകപ്പള്ളികളുടെ സ്വത്തുക്കളും, അതിന്റെ ഗുണഭോക്താക്കളുടെ മെച്ചത്തിനായി, പുരാതനകാലം മുതൽ നിലനിന്നുവരുന്നതുപോലെ, മേലിലും ഒരു ട്രസ്റ്റായി നിലനില്ക്കുന്നതാണ്. അതിന്റെ ഉടമകൾ തങ്ങളെന്ന് ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ പോലും ആർക്കും അവകാശവാദം ഉയർത്താവുന്നതല്ല. ഭൂരിപക്ഷത്തിനും ഇതു സാദ്ധ്യമല്ല; ആർക്കും പള്ളിയോ സ്വത്തുക്കളോ കയ്യേറാവുന്നതുമല്ല.

18) The faith of Church is unnecessarily sought to be divided vis-à-vis the office of Catholicos and the Patriarch as the common faith of the Church is in Jesus Christ. In fact an effort is being made to take over the management and other powers by raising such disputes as to supremacy of Patriarch or Catholicos to gain control of temporal matters under the garb of spirituality. There is no good or genuine cause for disputes which have been raised.

16

സഭയുടെ സ്വാഭാവിക പൊതുവിശ്വാസം യേശുക്രിസ്തുവിലാണ്. ഇത് കാതോലിക്കോസിന്റെയും പാത്രീയർക്കീസിന്റെയും അധികാരത്തിന്റെ പേരിൽ, അനാവശ്യമായി വിഭജിക്കാൻ ശ്രമിക്കുകയാണ്. ഭരണവും മറ്റ് അധികാരങ്ങളും പിടിച്ചെടുക്കുവാൻ യഥാർത്ഥത്തിൽ ഒരു ശ്രമം നടത്തി വരുന്നു. ഇതിനായി ആധ്യാത്മികതയുടെ മറവിൽ ഭൗതികമായ കാര്യങ്ങളിൽ ആധിപത്യം ഉറപ്പിക്കുവാൻ പാത്രിയർക്കീസിന്റെയും കാതോലിക്കോസിന്റെയും മേലദ്ധ്യക്ഷത സംബന്ധിച്ച് തർക്കങ്ങൾ ഉണ്ടാക്കുകയാണ്. ഈ തർക്കങ്ങൾക്ക് എന്തെങ്കിലും നല്ലതോ യഥാർഥമോ ആയ കാരണങ്ങളില്ല.

19) The authority of Patriarch had never extended to the government of temporalities of the Churches. By questioning the action of the Patriarch and his undue interference in the administration of Churches in violation of the 1995 judgment, it cannot be said that the Catholicos faction is guilty of repudiating the spiritual supremacy of the Patriarch. The Patriarch faction is to be blamed for the situation which has been created post 1995 judgment. The property of the Church is to be managed as per the 1934 Constitution. The judgment of 1995 has not been respected by the Patriarch faction which was binding on all concerned. Filing of writ petitions in the High Court by the Catholicos faction was to deter the Patriarch/his representatives to appoint the Vicar etc. in violation of the 1995 judgment of this Court.

പാത്രിയർക്കീസിന്റെ അധികാരം പള്ളിയുടെ ഭൗതിക ഭരണ കാര്യങ്ങളിലേക്ക് ഒരിക്കലും വ്യാപരിച്ചിട്ടില്ല. 1995 -ലെ വിധി ന്യായത്തെ ലംഘിച്ച് പള്ളിക്കാര്യങ്ങളിൽ, പാത്രിയർക്കീസ് നടത്തിയ അനർഹമായ ഇടപെടലുകളെയും പ്രവർത്തികളെയും ചോദ്യം ചെയ്യുന്നതിലൂടെ പാത്രിയർക്കീസിന്റെ ആത്മീയപരമാധികാരത്തെ കാതോലിക്കോസ് വിഭാഗം നിഷേധിക്കുന്നു എന്നു പറയാനാവില്ല. 1995 -ലെ വിധിക്ക് ശേഷം സൃഷ്ടിക്കപ്പെട്ട അവസ്ഥയ്ക്ക് പാത്രിയർക്കീസ് വിഭാഗത്തെ കുറ്റപ്പെടുത്തേണ്ടിയിരിക്കുന്നു. പള്ളിയുടെ സ്വത്തുക്കൾ 1934 -ലെ ഭരണഘടന പ്രകാരം ഭരിക്കപ്പെടേണ്ടതാണ്. ബന്ധപ്പെട്ട എല്ലാവർക്കും ബാധകമായ 1995 -ലെ വിധിയെ പാത്രിയർക്കീസ് വിഭാഗം ബഹുമാനിച്ചിട്ടില്ല. ഹൈക്കോടതിയിൽ കാതോലിക്കാ പക്ഷം ഫയൽ ചെയ്ത റിട്ട് ഹർജികൾ, പാത്രിയർക്കീസും (അദ്ദേഹത്തിന്റെ അനുയായികളും) 1995



-ലെ വിധി ലംഘിച്ച് വികാരി മുതലായവരെ നിയമിക്കുന്നതിനെ തടയുന്നതിനുവേണ്ടിയായിരുന്നു.

20) The 1934 Constitution is enforceable at present and the plea of its frustration or breach is not available to the Patriarch faction. Once there is Malankara Church, it has to remain as such including the property. No group or denomination by majority or otherwise can take away the management or the property as that would virtually tantamount to illegal interference in the management and illegal usurpation of its properties. It is not open to the beneficiaries even by majority to change the nature of the Church, its property and management. The only method to change management is to amend the Constitution of 1934 in accordance with law. It is not open to the Parish Churches to even frame bye-laws in violation of the provisions of the 1934 Constitution.

1934 -ലെ ഭരണഘടന ഇപ്പോൾ നടപ്പിലാക്കാവുന്നതാണ്. അതിനെതിരെയുള്ള തർക്കങ്ങളും തടസ്സങ്ങളും പാത്രിയർക്കീസ് വിഭാഗത്തിന് ഉയർത്താവുന്ന തരത്തിലുള്ളവയല്ല. മലങ്കര സഭയുള്ളിടത്തോളം, സ്വത്തുക്കൾ സഹിതം, തനിമയോടെ ഒന്നാകെയാണു സഭ നിലനില്ക്കേണ്ടത്. ഒരു ഗ്രൂപ്പിനോ ഘടകത്തിനോ, ഭൂരിപക്ഷപ്രകാരമോ അല്ലാതെയോ, സ്വത്തുക്കളോ ഭരണമോ കൈക്കലാക്കുവാൻ സാദ്ധ്യമല്ല. എന്തുകൊണ്ടെന്നാൽ, അത് സഭയുടെ ഭരണകാര്യങ്ങളിലെ തികച്ചും നിയമവിരുദ്ധമായ കൈകടത്തലാകും; വസ്തുക്കളിന്മേൽ കയ്യൂക്കുകൊണ്ടുള്ള കയ്യേറ്റമാകും. സഭയുടെ സ്വഭാവത്തിനോ അതിന്റെ വസ്തുക്കൾക്കോ ഭരണത്തിനോ മാറ്റം വരുത്തുവാൻ ഗുണഭോക്താക്കൾക്ക്, ഭൂരിപക്ഷമുണ്ടെങ്കിൽ പോലും, സാധിക്കുന്നതല്ല. നിയമാനുസൃതം 1934 -ലെ ഭരണഘടന ഭേദഗതി ചെയ്യുകമാത്രമാണ് ഭരണക്രമം മാറ്റുവാനുള്ള ഏകഉപാധി. 1934 -ലെ ഭരണഘടനയുടെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഇടവകപ്പള്ളികൾക്ക് ബൈലോകൾ പോലും ഉണ്ടാക്കത്തക്കതല്ല.

21) The Udampadies of 1890 and 1913 are with respect to administration of Churches and are not documents of the creation of the

Trust and are not of utility at present and even otherwise cannot hold the field containing provisions inconsistent with the 1934 Constitution, as per section 132 thereof. The Udampady also cannot hold the field in view of the authoritative pronouncements made by this Court in the earlier judgments as to the binding nature of the 1934 Constitution.

1890, 1913 വർഷങ്ങളിലെ ഉടമ്പടികൾ പള്ളികളുടെ ഭരണം സംബന്ധിച്ചാണ്; അവ ട്രസ്റ്റ് രൂപീകരണ പ്രമാണങ്ങൾ അല്ല. അവയ്ക്ക് ഇപ്പോൾ ഉപയോഗമില്ലാതായി. മറിച്ചായാലും, 1934 -ലെ ഭരണഘടനയുടെ 132-ാം വകുപ്പ് പ്രകാരം, ഭരണഘടനയ്ക്ക് എതിരായുള്ള തത്വങ്ങൾ ഉൾക്കൊള്ളുന്ന ഉടമ്പടികൾ ഭരണകാര്യക്ഷമതയുള്ളതാകില്ല. കൂടാതെ, 1934 -ലെ ഭരണഘടനയുടെ പ്രയോഗക്ഷമത ഈ കോടതിയുടെ ആധികാരികമായ വിധികളിലൂടെ കൈവന്നതിന്റെ വെളിച്ചത്തിലും ഈ ഉടമ്പടികൾക്ക് പ്രാബല്യമില്ല.

22)The 1934 Constitution does not create, declare, assign, limit or extinguish, whether in present or future any right, title or interest, whether vested or contingent in the Malankara Church properties and only provides a system of administration and as such is not required to be registered. In any case, the Udampadis for the reasons already cited, cannot supersede the 1934 Constitution only because these are claimed to be registered.

1934 -ലെ ഭരണഘടന, മലങ്കര സഭയുടെ വസ്തുക്കളിൽ, നിലവിലോ ഭാവിയിലോ ഉള്ള സ്ഥാപിതമോ വ്യവസ്ഥകൾക്ക് വിധേയമായതോ ആയ, അവകാശമോ ഉടമസ്ഥതയോ താല്പര്യമോ, സൃഷ്ടിക്കുകയോ പ്രഖ്യാപിക്കുകയോ കൈമാറുകയോ പരിമിതപ്പെടുത്തുകയോ ഇല്ലാതാക്കുകയോ ചെയ്യുന്നില്ല; ഒരു ഭരണസംവിധാനമുണ്ടാക്കുക മാത്രമാണ് ചെയ്യുന്നത്. അതുകൊണ്ടു തന്നെ ഈ ഭരണഘടന രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല. ഉടമ്പടികൾ രജിസ്റ്റർ ചെയ്തതാണ് എന്നവകാശപ്പെടുന്നതുകൊണ്ടു മാത്രം, ഏതു നിലയിലും, മേല്പറഞ്ഞ കാരണങ്ങളാൽ, 1934 -ലെ ഭരണഘടനയെ ഉടമ്പടികൾ മറികടക്കുന്നതല്ല.

23) In otherwise Episcopal church, whatever autonomy is provided in the Constitution for the Churches is for management and necessary expenditure as provided in section 22 etc.

മറ്റുതരത്തിൽ എപ്പിസ്ക്കോപ്പലായ സഭയിൽ പള്ളികൾക്ക് എത്രത്തോളം സ്വയംഭരണം ഭരണഘടന നൽകിയിട്ടുണ്ടോ,

അത് 22-ാം വകുപ്പിൽ പറയുന്ന ഭരണത്തിനും അത്യാവശ്യ ചെലവുകൾക്കും വേണ്ടിയാണ്.

24)The formation of 2002 Constitution is the result of illegal and void exercise. It cannot be recognized and the parallel system created thereunder for administration of Parish Churches of Malankara Church cannot hold the field. It has to be administered under the 1934 Constitution.

2002 -ലെ ഭരണഘടനയുടെ രൂപീകരണം നിയമവിരുദ്ധവും അസാധുവുമായ നടപടികളുടെ ഫലമായുള്ളതാണ്. അത് അംഗീകരിക്കാനാവില്ല. മലങ്കര സഭയിലെ പള്ളികളുടെ സമാന്തര ഭരണത്തിനുള്ള സംവിധാനമായി അതിനെ കണക്കാക്കാനുമാവില്ല. 1934 -ലെ ഭരണഘടനപ്രകരമാണ് പള്ളികൾ ഭരണം നടത്തേണ്ടത്.

25)It was not necessary, after amendment of the plaint in Mannathur Church matter, to adopt the procedure once again of representative suit under Order 1 Rule 8 CPC. It remained a representative suit and proper procedure has been followed. It was not necessary to obtain fresh leave.

മണ്ണത്തൂർ പള്ളിക്കേസിൽ അന്യായം ഭേദഗതി ചെയ്തതുകൊണ്ട് മാത്രം, സിവിൾ നടപടി നിയമം ഒന്നാം ഉത്തരവ് 8-ാം ചട്ട പ്രകാരം പ്രാതിനിധ്യ വ്യവഹാരമെന്ന നിലയിൽ ഫയൽ ചെയ്ത അന്യായത്തിന്, ഒരു തവണകൂടി പ്രാതിനിധ്യ നടപടികൾ കൈക്കൊള്ളേണ്ട ആവശ്യമില്ല. പ്രാതിനിധ്യ അന്യായമായി നിലനിന്നതാണിത്. ഇതിനാവശ്യമായ നടപടിക്രമങ്ങൾ കൈക്കൊണ്ടതുമാണ്. വീണ്ടും കോടതി അനുവാദം വാങ്ങേണ്ട ആവശ്യമില്ല.

26)The 1934 Constitution is appropriate and adequate for management of the Parish Churches, as such there is no necessity of framing a scheme under section 92 of the CPC.

1934 -ലെ ഭരണഘടന ഇടവകപ്പള്ളികളുടെ ഭരണത്തിനനുയോജ്യവും മതിയായതുമാണ്. അതിനാൽ സിവിൾ നടപടി




നിയമം 92-ാം വകുപ്പ് പ്രകാരം ഒരു സ്കീം (ഭരണസംവിധാനം) രൂപീകരിക്കേണ്ട ആവശ്യമില്ല.

27)The plea that in face of the prevailing dissension between the two factions and the remote possibility of reconciliation, the religious services may be permitted to be conducted by two Vicars of each faith cannot be accepted as that would amount to patronizing parallel systems of administration.

രണ്ടു വിഭാഗങ്ങളും തമ്മിൽ ഭിന്നത നിലനില്ക്കുന്നതിനാലും രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള ഒത്തുതീർപ്പിനുള്ള സാദ്ധ്യത വളരെ വിരളമായതിനാലും ഓരോ വിശ്വാസത്തിലും നില്ക്കുന്ന ഓരോ വികാരിമാരെ ശുശ്രൂഷകൾ നടത്താൻ അനുവദിക്കണമെന്ന അപേക്ഷ, സ്വീകരിക്കത്തക്കതല്ല; കാരണം, ഇത് സമാന്തര ഭരണസംവിധാനത്തിന് പരിപോഷണം നൽകുന്നതാകും.

28)Both the factions, for the sake of the sacred religion they profess and to preempt further bickering and unpleasantness precipitating avoidable institutional degeneration, ought to resolve their differences if any, on a common platform if necessary by amending the Constitution further in accordance with law, but by no means, any attempt to create parallel systems of administration of the same Churches resulting in law and order situations leading to even closure of the Churches can be accepted.

രണ്ടു വിഭാഗങ്ങളും, അവർ വിശ്വസിക്കുന്ന വിശുദ്ധ മതത്തിന്റെ നന്മക്കായി, തങ്ങളുടെ അഭിപ്രായ ഭിന്നത, അങ്ങനെ എന്തെങ്കിലുമുണ്ടെങ്കിൽ, ഒരു പൊതു വേദിയിൽ പരിഹരിക്കേണ്ടതാണ്. ഒഴിവാക്കി എടുക്കാവുന്നതും സഭയെത്തന്നെ ജീർണ്ണിപ്പിക്കുന്നതുമായ സ്ഥിതി സംജാതമാക്കുന്ന, മേലിലുള്ള കലഹവും അസമാധാനവും ഇല്ലാതാക്കുന്നതിന് ഇതാവശ്യമാണ്. അത്യാവശ്യമെങ്കിൽ, നിയമാനുസൃതം ഭരണഘടന ഭേദഗതിചെയ്യണം. എന്നാൽ പള്ളികൾ അടച്ചിടേണ്ട സ്ഥിതിവരെ എത്തിക്കുന്ന ക്രമസമാധാന പ്രശ്നങ്ങളിലേക്കു നയിക്കുന്ന സമാന്തര ഭരണ രീതി സൃഷ്ടിക്കുന്നതിനുള്ള ഒരു ശ്രമവും, യാതൊരു കാരണവശാലും അംഗീകരിക്കാനാവില്ല.



സുപ്രീംകോടതി വിധി
2017 ജൂലൈ 3

# ഒരിടയനും ഒരാട്ടിൻകൂട്ടവും

ഭാഗം

2



# മലങ്കര സഭ: ഒരു ആമുഖം

രണ്ട് സഹസ്രാബ്ദത്തിന്റെ പ്രോജ്വലമായ ചരിത്രം പേറുന്ന മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ക്രിസ്തീയ സഭ യോളം തന്നെ പൗരാണികതയുണ്ട്. എ.ഡി 52 –ൽ യേശുക്രിസ്തു വിന്റെ പന്ത്രണ്ട് അപ്പോസ്തോലന്മാരിൽ ഒരുവനായ വിശുദ്ധ തോമ്മാശ്ലീഹാ മലങ്കരയിൽ വന്നു എന്നും കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി ഏഴു ക്രിസ്തീയ സമൂഹങ്ങൾ സ്ഥാപിച്ചുവെന്നും നൂറ്റാണ്ടുകളായി നാം വിശ്വസിച്ചു പോരുന്നു. ഈ വിശ്വാസത്തെ ശരിവെയ്ക്കുന്നതും ബലപ്പെടുത്തുന്നതുമായ ഒട്ടേറെ ചരിത്രരേ ഖകളും നമുക്കുണ്ട്. മാർത്തോമ്മാ നട്ടു വളർത്തിയ ക്രിസ്തീയ മാർഗ്ഗം ഈ മണ്ണിൽ 16 നൂറ്റാണ്ടുകൾ അഭംഗുരം വികസിതമായി ക്കൊണ്ടിരുന്നു. 'അർക്കദിയാക്കോൻ', 'ജാതിക്ക് കർത്തവ്യൻ' എന്നീ സ്ഥാനപ്പേരുകളിൽ അറിയപ്പെട്ടിരിക്കുന്ന നായകന്മാർ കേരള ക്രിസ്തീയ സമൂഹത്തെ നയിച്ചു പോന്നിരുന്നു. വിശ്വാ സപരമായി ക്രിസ്തീയവും, ആചാരപരമായും സാംസ്ക്കാരിക മായും ഭാരതീയവും കേരളീയവുമായ ഒരു തദ്ദേശീയ സഭയാണ് ഇവിടെ ഉണ്ടായിരുന്നത്. അവിഭക്തവും ഒരു തലവനു കീഴിൽ തികഞ്ഞ സംഘബോധത്തോടെ പ്രവർത്തിച്ചിരുന്നതുമായ ക്രിസ്തീയസഭ 'മാർത്തോമ്മാ ക്രിസ്ത്യാനികൾ' എന്നോ, 'നസ്രാണികൾ' എന്നോ അറിയപ്പെട്ടിരുന്നു.





വിദേശശക്തികൾ ഭാരതത്തിൽ കോളനി വാഴ്ച ആരംഭിച്ചതോടെ സഭയുടെ വിശ്വാസത്തിലും, ഭരണക്രമത്തിലും അതിന്റേതായ മാറ്റങ്ങൾ കണ്ടു തുടങ്ങി. പോർട്ടുഗീസ് ആധിപത്യത്തോടെ ഇവിടെ നടപ്പാക്കിയ 'ലത്തീൻവത്ക്കരണ'ത്തിന്റെ ഭാഗമായി 1599 -ലെ ഉദയംപേരൂർ സുന്നഹദോസിലൂടെ കേരള സഭയുടെ തദ്ദേശീയ സ്വഭാവം നഷ്ടപ്പെട്ടു തുടങ്ങി. 1653 -ൽ മട്ടാഞ്ചേരിയിൽ നടത്തിയ കൂനൻകുരിശ് സത്യം സഭയിൽ വിദേശ കൈകടത്തലിന് എതിരേയുള്ള ശക്തമായ ജനകീയ പ്രക്ഷോഭമായിരുന്നു. അവിടം മുതൽ സഭയിൽ വഴിപിരിച്ചിലുകളും പിളർപ്പുകളും ആരംഭിക്കുകയായി. 19-ാം നൂറ്റാണ്ടിൽ സഭയ്ക്ക് നേരിടേണ്ടി വന്നത് ബ്രിട്ടീഷ് ഭരണത്തിന്റെ ഉപോല്പന്നമായി വന്ന 'ആംഗ്ലിക്കൻവത്ക്കരണ'മായിരുന്നു. ഇംഗ്ലീഷ് മിഷനറിമാർക്കൊപ്പം ചേർന്ന ഒരു സമൂഹവും പിന്നീട് നവീകരണ ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സഭയ്ക്കുള്ളിൽ നടന്ന ആഭ്യന്തര സംഘർഷങ്ങളുമെല്ലാം നവീകരണ സഭകളുടെ ആവിർഭാവത്തിന് വഴിയൊരുക്കി. 1877 -ൽ ആരംഭിച്ച സെമിനാരിക്കേസ് ഈ അന്തഃഛിദ്രത്തിന്റെ ബാക്കിപത്രമായിരുന്നു. 1889 -ൽ റോയൽ കോടതി വിധിയോടെ ഈ കേസ് അവസാനിക്കുകയും സഭയ്ക്കുള്ളിൽ നിന്ന് നവീകരണത്തിന്റെ കാഹളമൂതിയവർ പുതിയസഭയായി മാറുകയും ചെയ്തു. നവീകരണക്കാരുടെ വിശ്വാസമാർഗ്ഗഭ്രംശത്തെ പ്രതിരോധിക്കുവാൻ അന്നത്തെ

1912 –ലെ കാതോലിക്കേറ്റ് സ്ഥാപനത്തോടുകൂടി മലങ്കര സഭ സ്വതന്ത്രയാവുകയും, കാതോലിക്കാ സിംഹാസനത്തിൽ വാണരുളിയ പുണ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ സഭ വളരുകയും ചെയ്തു. 1934 –ൽ (ഭാരതത്തിന് ഒരു ഭരണഘടനയുണ്ടാകുന്നതിന് 16 വർഷ ങ്ങൾക്ക്മുമ്പ്) മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ശ്രേഷ്ഠമായ ഒരു ഭരണഘടനയുണ്ടാവുകയും ചെയ്തു.

അന്ത്യോക്യൻ പാത്രിയർക്കീസ് പത്രോസ് തൃതീയൻ മലങ്കരയിൽ എഴുന്നള്ളി മുളന്തുരുത്തി സുന്നഹദോസ് (1876) വിളിച്ച് കൂട്ടുകയും സുറിയാനിവത്ക്കരണത്തിന്റെ ബീജാവാപം നടത്തുകയും ചെയ്തു. അതുമുതൽ അന്തോഖ്യൻ അധീശത്വത്തിനു കീഴിൽ മലങ്കര സഭ ഭരിക്കപ്പെടണമെന്ന പിടിവാശി മുറുകിയതോടുകൂടി സഭയുടെ നെടുംതൂണുകളായിരുന്ന പുലിക്കോട്ടിൽ മാർ ദിവന്നാസിയോസ്, പിൻഗാമി പരിശുദ്ധ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് എന്നിവരുമായി പാത്രിയർക്കീസന്മാർ തുറന്ന യുദ്ധത്തിനു വരെ തയ്യാറാവുകയും ചെയ്തു. എന്നാൽ 1912 -ലെ കാതോലിക്കേറ്റ് സ്ഥാപനത്തോടുകൂടി മലങ്കര സഭ സ്വതന്ത്രയാവുകയും, കാതോലിക്കാ സിംഹാസനത്തിൽ വാണരുളിയ പുണ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ സഭ വളരുകയും ചെയ്തു. 1934 -ൽ (ഭാരതത്തിന് ഒരു ഭരണഘടനയുണ്ടാകുന്നതിന് 16 വർഷങ്ങൾക്ക്മുമ്പ്) മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ശ്രേഷ്ഠമായ ഒരു ഭരണഘടനയുണ്ടാവുകയും ചെയ്തു. എപ്പിസ്ക്കോപ്പസിയുടെയും ജനാധിപത്യത്തിന്റെയും മൂല്യങ്ങൾ സമഞ്ജസമായി സമ്മേളിപ്പിച്ച ഈ ഭരണഘടന ഇതിനകം തന്നെ വളരെയേറെ ജൂഡീഷ്യൽ/മാധ്യമ ശ്രദ്ധ പിടിച്ചുപറ്റിയ പ്രമാണ രേഖയാണ്. സഭയുടെ സ്വയം ശീർഷകത്വം, അഖണ്ഡത, ദേശീയ സ്വഭാവം, എപ്പിസ്ക്കോപ്പൽ- ജനാധിപത്യ മൂല്യങ്ങൾ ഇതെല്ലാം ഉൾക്കൊള്ളിച്ചിരിക്കുന്ന ഈ ഭരണഘടനയ്ക്ക് വിധേയമായി മാത്രമെ മലങ്കര സഭ ഭരിക്കപ്പെടുവാൻ പാടുള്ളൂ എന്നും സമാന്തര ഘടനകളും ഭരണവും അനുവദനീയമല്ല എന്നും സുവ്യക്തമായി ഭാരത്തിന്റെ പരമോന്നത നീതിപീഠം 2017 ജൂലൈ 3 ന് അന്തിമ വിധിതീർപ്പ് കല്പിച്ചിരിക്കുകയാണ്. അന്ത്യോക്യൻ പാത്രിയർക്കീസുമാർക്ക് ഉണ്ടെന്ന് ഒരു കൂട്ടർ വാദിക്കുന്ന സർവ്വ അധികാരവും അസ്തമയ ബിന്ദുവിൽ (vanishing point) എത്തി നില്ക്കുന്നു എന്നതും ഈ വിധിയുടെ പ്രത്യേകതയാണ്.

# സ്വർഗീയ സമ്മാനം



**ഡോ. മാത്യൂസ് മാർ സേവേറിയോസ്
മെത്രാപ്പോലീത്ത**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് ദൈവ കൃപ ഏറ്റവും ശക്തമായി ലഭിച്ച ഒരു സന്ദർഭമാണിത്. 1877 –ൽ സെമിനാരി സ്യൂട്ടോടു കൂടി ആരംഭിച്ച മലങ്കര സഭയുടെ സ്വാതന്ത്ര്യത്തിനും തനിമയ്ക്കും വേണ്ടിയുള്ള പോരാട്ടം അതിന്റെ അവസാനം എന്നോണം 2017 ജൂലൈ 3 ന് ഒരു സ്വർഗ്ഗീയ സമ്മാനമായി സഭയ്ക്ക് ലഭിച്ചിരിക്കുകയാണ്. ഈ സഭയുടെ കാവൽ പിതാവായ തോമ്മാശ്ലീഹായുടെ ദുഖ്റോനോ ദിവസം മലങ്കര സഭയ്ക്ക് ഇങ്ങനെ ഒരു വിധി ഉണ്ടാവാൻ കാരണമായത് മലങ്കര സഭയ്ക്കും സഭാ മക്കൾക്കും അഭിമാനിക്കുവാൻ തക്കവിധം





മലങ്കര സഭയ്ക്ക് ഇതുവരെ ഉണ്ടായിട്ടുള്ള വിധികളിലെയൊക്കെ പഴുതുകൾ കണ്ട് പിടിച്ച് പുതിയ കേസുകൾ കൊടുത്ത് വ്യവഹാരത്തിന്റെ പാതിയിലേക്ക് സഭയെ വലിച്ചിഴയ്ക്കുന്നതിനാണ് ഒരു വിഭാഗം ആളുകൾ ശ്രമിച്ചിരുന്നത്. എന്നാൽ ഇന്ന് അവർക്ക് അതിനുള്ള അവസരം നഷ്ടപ്പെട്ടിരിക്കുകയാണ്.

ആ മധ്യസ്ഥന്റെ പ്രാർത്ഥന നമ്മോടൊപ്പം ഉള്ളതുകൊണ്ടാണ്. മലങ്കര സഭയ്ക്ക് ഇതുവരെ ഉണ്ടായിട്ടുള്ള വിധികളിലെയൊക്കെ പഴുതുകൾ കണ്ട് പിടിച്ച് പുതിയ കേസുകൾ കൊടുത്ത് വ്യവഹാരത്തിന്റെ പാതയിലേക്ക് സഭയെ വലിച്ചിഴയ്ക്കുന്നതിനാണ് ഒരു വിഭാഗം ആളുകൾ ശ്രമിച്ചിരുന്നത്. എന്നാൽ ഇന്ന് അവർക്ക് അതിനുള്ള അവസരം നഷ്ടപ്പെട്ടിരിക്കുകയാണ്. ഇനി ഈ വിധിയിൽ നിന്ന് പഴുതുകൾ ഒന്നും കണ്ടുപിടിക്കാൻ സാദ്ധ്യമല്ല. മലങ്കര സഭ 1934 -ലെ ഭരണഘടനയ്ക്ക് വിധേയമായി ഭരിക്കപ്പെടണമെന്നും, ഓരോ ഇടവകപള്ളിയും നിർണ്ണായക പങ്ക് നിർവ്വഹിക്കപ്പെടണമെന്നുള്ളതും, പള്ളിയുടെ ഭരണത്തിൽ 1934 -ലെ ഭരണഘടന മാത്രമെ ബാധകമായിരിക്കുകയുള്ളൂ എന്നുമാണ് സുപ്രീം കോടതി വിധിച്ചിരിക്കുന്നത്. ഇതിന് വിപരീതമായി 2002 -ൽ ഒരു ഭരണഘടന ഉണ്ടാക്കിയ വിഘടിത വിഭാഗവും ആ ഉദ്യമം നിർവ്വഹിച്ച വ്യക്തികളും അതിന് ഒത്താശ നൽകിയ പാത്രിയർക്കീസും കുറ്റക്കാരാണെന്നും സുപ്രീം കോടതി വിധിച്ചു. മാത്രമല്ല വിഘടിത വിഭാഗം 2002 -ൽ രൂപീകരിച്ച ഭരണക്രമീകരണം പൂർണ്ണമായും അസാധുവാണെന്ന് അസന്നിഗ്ദ്ധമായി സുപ്രീം കോടതി പറഞ്ഞിട്ടുണ്ട്.


ഇന്ത്യയുടെ പരമോന്നത നീതിപീഠം സുപ്രീം കോടതിയാണ്. സുപ്രീം കോടതിയുടെ വിധികൾ ഇന്ത്യയുടെ നിയമമാണ്. ഏതു തരത്തിലുള്ള ഭരണഘടനയും ഭേദപ്പെടുത്താൻ സാധ്യതയുണ്ടെങ്കിലും സുപ്രീം കോടതി വിധി ഒരിക്കൽ ഉണ്ടായി കഴിഞ്ഞാൽ അതിനെ ഭേദപ്പെടുത്തുവാൻ ആർക്കും സാദ്ധ്യമല്ല. ഇന്ത്യയിൽ നിലവിലുള്ള മറ്റ് ഏതെങ്കിലും അധികാര സമിതികൾക്കു പോലും സുപ്രീം കോടതി വിധിയിൽ വ്യത്യാസം വരുത്തുവാൻ കഴിയില്ല. അത് ഭാരതത്തിന്റെ നിയമമായി സ്ഥിരമായി നില

നിൽക്കുന്നതാണ്. സുപ്രീം കോടതി വിധി ഇന്ത്യയിലെ ഏത് പൗരനും ബാധകമാണ്. മാത്രമല്ല അത് ലംഘിക്കപ്പെടാതിരിക്കണം എന്നത് ഏത് പൗരന്റെയും ബാധ്യത കൂടിയാണ്. ആയതിനാൽ സുപ്രീം കോടതിവിധിയിലെ ഏതെങ്കിലും കാര്യം ആരെങ്കിലും ലംഘിക്കുന്നതായി ബോധ്യപ്പെട്ടാൽ ഇന്ത്യയിലെ ഏത് പൗരനും അത് കോർട്ട് അലക്ഷ്യമായി പരാതിപ്പെടാവുന്നതാണ്.

മലങ്കര സഭയുടെ മക്കൾ എന്നും മലങ്കര സഭയുടേതാണ്. ഒരു പള്ളിയുടെ സെമിത്തേരിയിൽ പോലും മലങ്കര സഭയുടെ ഭരണഘടന അനുസരിക്കാത്ത ആർക്കും പ്രവേശിക്കാൻ സുപ്രീം കോടതിയുടെ അനുവാദമില്ല. ആത്മീയമായ ആവശ്യങ്ങൾ നടത്തികിട്ടുക എന്നതാണ് മതത്തിന്റെ പ്രധാനപ്പെട്ട സംഗതി എന്നതിന് 1934 -ലെ ഭരണഘടന മുഖാന്തിരം ഒരു ക്രമീകരണം ഉണ്ട്. അതിന് വിധേയപ്പെട്ടുപോകുവാൻ ആത്മീയമായ വളർച്ച ആഗ്രഹിക്കുന്ന ഏവർക്കും ബാധ്യതയുണ്ട്. എന്നാൽ അതിന് വിഘാതം നിൽക്കുന്നത് ആത്മീയത അല്ല സഭയുടെ ഭരണം കവർച്ച ചെയ്ത് എടുക്കാനുള്ള ശ്രമമാണെന്ന് സുപ്രീം കോടതി കണ്ടെത്തിയിരിക്കുന്നു. സഭയുടെ ഭാവി, സഭയുടെ സന്തോഷം, സഭയുടെ സമാധാനം എന്നിവയിലെല്ലാം സഭയുടെ ഭരണക്രമത്തിന് വേണ്ടി ഉണ്ടാക്കിയിട്ടുള്ള 1934 -ലെ ഭരണഘടനയ്ക്ക് നിർണ്ണായകമായ സ്ഥാനമുണ്ട്. ഈ സാഹചര്യത്തിൽ മലങ്കര സഭയുടെ മക്കൾ എല്ലാവരും ഉണർന്ന് ചിന്തിക്കണം.

മലങ്കര സഭയുടെ ഭരണഘടന അംഗീകരിച്ച് അതോടൊപ്പം നിലനിന്നവരാണ് മലങ്കര സഭയുടെ മക്കൾ. കുറെ ആളുകൾ അതിൽ നിന്ന് മാറിനില്ക്കാൻ ആഗ്രഹിച്ചു എങ്കിലും അങ്ങനെ മാറിനിൽക്കാൻ അവർക്ക് സാധിക്കില്ല എന്ന് കോടതി അവരോട് ഉപദേശിച്ചിരിക്കുകയാണ്. അതുകൊണ്ട് മലങ്കര സഭയുടെ സമാധാനത്തിനും മലങ്കര സഭയുടെ നിലനിൽപ്പിനും എല്ലാവരും അത്തരത്തിൽ യോജിച്ച് പ്രവർത്തിക്കണം. അത് കാലഘട്ടത്തിന്റെ ആവശ്യമാണ്. സത്യത്തിനും നീതിക്കും വില കൊടുക്കാതെ സ്വാർത്ഥതയ്ക്കും തൻകാര്യത്തിനും ധാർഷ്ട്യത്തിനും വേണ്ടി സഭയെ വലിച്ചിഴയ്ക്കുന്നതു ദൈവീകമല്ല. മലങ്കര സഭയുടെ മക്കളെ ആരെയും ഈ സഭയിൽ നിന്ന് മാറ്റി നിർത്താൻ മലങ്കര സഭ ആഗ്രഹിക്കുന്നില്ല. എല്ലാവരും ഒരു

മിച്ച് സ്നേഹപൂർവ്വം മലങ്കര സഭയുടെ പ്രധാന മേലധ്യക്ഷന്റെ കീഴിൽ ഈ സഭയുടെ ഭരണഘടന അനുസരിച്ച് അണിനിരക്കുവാനുള്ള സുവർണ്ണാവസരമാണ് ലഭിച്ചിരിക്കുന്നത്. 1934 -ലെ ഭരണഘടന അനുസരിച്ച് വാഴിക്കപ്പെട്ട് ഭരണം നടത്തുന്ന മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ കീഴിൽ നമുക്ക് അണിനിരക്കാം. ദൈവം അനുഗ്രഹിക്കട്ടെ.




# അനുരഞ്ജനത്തിന്റെ ആത്മാവ്

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

പരമാവധി ആത്മനിയന്ത്രണം പാലിക്കണമെന്ന് മാത്രമല്ല സാധ്യമായ എല്ലായിടത്തും ഭരണഘടനാനുസൃതമായ അനുരഞ്ജനത്തിന് തദ്ദേശീയമായ ശ്രമങ്ങൾ നടത്തുകയും ചെയ്യണം. സഭാ ഭരണഘടനയ്ക്ക് പുറത്ത് ഒരു ഒത്തുതീർപ്പിനും സമ്മതിക്കണമെന്ന് ആരും ആവശ്യപ്പെടുന്നില്ല. **ഭരണഘടനയ്ക്ക് ഉള്ളിൽ നിന്നുകൊണ്ടുള്ള അനുരഞ്ജനത്തിനും സമാധാനത്തിനും പ്രേരിപ്പിക്കണമെന്ന് മാത്രമേ എല്ലാവരോടും ആവശ്യപ്പെടുന്നുള്ളൂ.** സുപ്രീം കോടതിയിൽ കേസ് ജയിച്ചവരുടെ ഭാഗത്തുനിന്നുള്ള യഥാർത്ഥ ക്രിസ്തീയ സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും സമീപനത്തെ ആശ്രയിച്ചാണ് വളരെ കാര്യങ്ങളും നിലനിൽക്കുന്നത്. വിജയാഘോഷത്തിന്റെയും പ്രതികാരത്തിന്റെയും ഏത് സമീപനവും സൃഷ്ടിപരമല്ലായിരിക്കാം. കേസ്സിൽ തോറ്റവരും കർത്താവിൽ നമ്മുടെ സഹോദരന്മാരും സഹോദരിമാരുമാണ്. അവരെ അപമാനിക്കുകയോ പീഡിപ്പിക്കുകയോ അരുത്.

*(സെപ്റ്റംബർ 1995, മലങ്കര സഭ)*

# സുവർണ്ണാവസരം നഷ്ടമാക്കരുത്



**ഡോ. തോമസ് മാർ
അത്താനാസിയോസ്
മെത്രാപ്പോലീത്ത**



മലങ്കര സഭാതർക്കം സംബന്ധിച്ച ബഹു. സുപ്രീം കോടതിയുടെ 1995-ലെ വിധിവന്ന നാൾ മുതൽ സഭൈക്യത്തിനുള്ള സാധ്യത നഷ്ടപ്പെടുത്തരുതെന്ന് ഓരോ അനുകൂലസാഹചര്യത്തിലും സഭാംഗങ്ങളെ ഉപദേശിച്ചു വരുന്നു. എങ്കിലും ഫലപ്രാപ്തി ഉണ്ടായിട്ടില്ല. ഈ ജൂലൈ 3 -ന് പുതിയ വിധി വന്ന സാഹചര്യം ഒരു നല്ല അവസരമായി പരിഗണിച്ച് സഭയിൽ സമാധാന സ്ഥാപനത്തിന് ഉപയോഗപ്പെടുത്തണമെന്ന് ഓർമ്മപ്പെടുത്തുന്നതിനാണ് വീണ്ടും ഇവിടെ ശ്രമിക്കുന്നത്. സഭയിൽ ഐക്യവും സമാധാനവും ഉണ്ടാകണം എന്നത് സഭയുടെ അടിസ്ഥാനപരമായ ആവശ്യമാണ്. എന്റെ വ്യക്തിപരമായ ഒരു സ്വപ്നവും.

**കാരണങ്ങൾ:**

(1) മലങ്കരസഭയിലെ ഈ ഭിന്നതയ്ക്ക് വിശ്വാസപരമായ ഒരു അടിസ്ഥാനവും ഇല്ല. അതിനാൽ കഴിവതും വേഗം അത് അവസാനിപ്പിക്കേണ്ടതാണ്.

(2) സഭ നിലകൊള്ളുന്നത് ക്രിസ്തുസാക്ഷ്യം നിർവ്വഹിക്കുന്നതിനാണ് (അപ്പോ. പ്ര. 1:8). ഭിന്നതയും അനുബന്ധ

> ഐക്യത്തിലേക്കും സമാധാനത്തിലേക്കും വരുവാനുള്ള സന്മനസ്സും ദീർഘവീക്ഷണവും സഭാസ്നേഹവുമാണ് യാക്കോബായ സഹോദരങ്ങൾ പ്രകടമാക്കേണ്ടത്. ഈ പുനരൈക്യം അനായാസവും ഹൃദ്യവും ആക്കിത്തീർക്കുവാനുള്ള പക്വതയും വിവേകവും ഓർത്തഡോക്സ് സഭ കാണിക്കുകയും വേണം.

അക്രമങ്ങളും എതിർ സാക്ഷ്യമാണ്. അത് സഭയുടെ ഉദ്ദേശ്യത്തെ പരാജയപ്പെടുത്തുകയും നിലനിൽപിന്റെ സാധുത നഷ്ടപ്പെടുത്തുകയും ചെയ്യുന്നു.

(3) തന്റെ ശിഷ്യസമൂഹത്തിന്റെ ഐക്യത്തിനുവേണ്ടി പ്രാർത്ഥിച്ച കർത്താവിന്റെ തിരുഹിതത്തിന് വിരുദ്ധവും സുവിശേഷത്തിന്റെ വിശ്വാസ്യത നഷ്ടപ്പെടുത്തുന്നതുമാണ് അത്.

(4) കലഹിക്കുന്ന കൂട്ടം-അതുവഴിതന്നെ-രക്ഷാസമൂഹം അല്ലാതായിത്തീരുന്നു. ലോകത്തെ രക്ഷയിലേക്ക് നയിക്കാൻ അതിന് കഴിയാതെ വരും.

(5) സഭയുടെ ഭാവി അപകടത്തിലാക്കുന്നു. സ്വയം ഛിദ്രിക്കുന്ന സമൂഹത്തിന് നിലനിൽപ്പില്ല എന്ന തിരുവചനം ഓർക്കുക.

(6) അന്തഃഛിദ്രം യുവജനങ്ങളെ തീവ്രവാദത്തിനും വിധ്വംസക പ്രവർത്തനങ്ങൾക്കും പ്രേരിപ്പിക്കുന്നു. സ്വതന്ത്രബുദ്ധിയുള്ളവർ സഭ വിട്ടു പോകുകയും സഭാവിരുദ്ധരാകുകയും ചെയ്യുന്നു.

(7) സഭയ്ക്ക് സാമൂഹിക പ്രതിബദ്ധത നിലനിർത്താനോ സമൂഹത്തോടുള്ള കടപ്പാടുകൾ നിറവേറ്റുവാനോ കഴിയാതെ വരുന്നു. സഭയുടെ സമ്പത്തും സമയവും ഊർജ്ജവും പാഴാകുന്നു.

ഭിന്നത നിലനിർത്തണമെന്ന് ശഠിക്കുന്നവർ സഭയുടെ ക്ഷേമത്തിനും അതിന്റെ നിയോഗത്തിനും പ്രാമുഖ്യം നൽകുന്നില്ല. അവരുടെ സ്വാർത്ഥ താല്പര്യങ്ങളാണ് അവരുടെ പ്രവർത്തനത്തിനുള്ള പ്രേരണയും ജീവിതലക്ഷ്യവും. ഇക്കാര്യം തിരിച്ചറിഞ്ഞ് സഭയുടെ ഐക്യത്തിനും സമാധാനത്തിനും വേണ്ടി പ്രവർത്തിക്കുവാനുള്ള ബാധ്യത എല്ലാ സഭാംഗങ്ങൾക്കുമുണ്ട്.

ജൂലൈ 3-ാം തീയതി ബഹു. സുപ്രീംകോടതി കോലഞ്ചേരി, വരിക്കോലി, മണ്ണത്തൂർ എന്നീ ഇടവകകളുടെ കേസുകൾ പരിഗണിച്ച് ചില അടിസ്ഥാന നിരീക്ഷണങ്ങൾ നടത്തി വിധി പുറപ്പെടുവിച്ചിരിക്കുകയാണ്. കോടതിയുടെ തീരുമാനങ്ങൾ സഭൈക്യത്തിന് ഇതുവരെ വഴിപ്പെടാതിരിക്കുന്നവരിൽ ഒരു വീണ്ടുവിചാരം സൃഷ്ടിക്കുമെന്നാണ് എന്റെ ചിന്ത.

അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ആത്മീയ അധികാരം കോടതിവിധിക്ക് ഉപരിയാണ്. 'സഭാഭരണഘടന ഇടവകകളേയും സഭാംഗങ്ങളേയും ബാധിക്കുകയില്ല. പള്ളികളിൽ ഇടക്കാലത്തുണ്ടാക്കിയ ഉടമ്പടികൾ, യാക്കോബായക്കാർ അടുത്തകാലത്ത് സൃഷ്ടിച്ച ഭരണഘടന എന്നിവയ്ക്ക് നിയമസാധുതയുണ്ട്,' എന്നിങ്ങനെയുള്ള വാദങ്ങൾ കോടതി തള്ളി. അതുപോലെ പ്രശ്നപരിഹാരത്തിനായി ഉണ്ടാക്കിയ സമാന്തര -ഭരണ-ആരാധനാ ക്രമീകരണങ്ങൾ നിലനിൽക്കില്ല. ഇടവകയുടെ വസ്തുക്കൾ പങ്കുവയ്ക്കലും അനുവദനീയമല്ല. കാരണം, മലങ്കര സഭാ ട്രസ്റ്റിൽ നിന്ന് അവ അന്യപ്പെടുത്തുവാൻ പാടില്ല എന്നുള്ളത് വസ്തുതയാണ്. ചുരുക്കത്തിൽ ഭരണഘടനയും അതിൻ പ്രകാരമുള്ള സംവിധാനങ്ങളും അംഗീകരിക്കുന്നവർക്കു മാത്രമേ മലങ്കരസഭയിൽ ഇടമുള്ളൂ. അല്ലാത്തവർ സഭവിട്ടു പോകണം. ഇതാണ് കോടതിവിധിയുടെ ഉള്ളടക്കവും അതിന്റെ പ്രത്യാഘാതങ്ങളും.

മലങ്കര സഭയെ സംബന്ധിച്ചിടത്തോളം 1995-ലെ വിധിക്കുശേഷം അതേപ്പറ്റി ഉയർന്നുവന്നിരുന്ന അവ്യക്തതകൾ മാറി. ഇനിയും സഭാംഗങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നത് വലിയ അപരാധമായിരിക്കും. ഈ വിധി നൽകുന്ന അവസരവും അനിവാര്യതയും മനസ്സിലാക്കി സമാധാന സാധ്യതകൾ പാഴാക്കാതെ ഐക്യത്തിലേക്കും സമാധാനത്തിലേക്കും വരുവാനുള്ള സന്മനസ്സും ദീർഘവീക്ഷണവും സഭാസ്നേഹവുമാണ് യാക്കോബായ സഹോദരങ്ങൾ പ്രകടമാക്കേണ്ടത്. ഈ പുനരൈക്യം അനായാസവും ഹൃദ്യവും ആക്കിത്തീർക്കുവാനുള്ള പക്വതയും വിവേകവും ഓർത്തഡോക്സ് സഭ കാണിക്കുകയും വേണം. കോടതിയിൽ നിലനിന്നിരുന്ന വ്യവഹാരം അടിസ്ഥാനപരമായി ഒരു സിവിൽ വിഷയമാണ്. അത് സംബന്ധിച്ച് അവസാനതീരുമാനവുമായി. മലങ്കരസഭയുടെ പള്ളികൾ, സ്വത്തുക്കൾ,

സ്ഥാപനങ്ങൾ ഇവയുടെ ഉടമസ്ഥത, കാര്യകർത്തൃത്വം, അവകാശം, ഗുണഭോഗം എന്നിവ 1995-ലെ കോടതി തീരുമാനപ്രകാരം സഭാഭരണഘടന അംഗീകരിച്ചവർക്ക് മാത്രമാണ്. ഭരണഘടന അംഗീകരിക്കാത്തവർക്ക് സഭാംഗത്വം വഴി സിദ്ധിച്ചിരുന്ന സഭാഭരണത്തിലുള്ള പങ്കാളിത്തത്തിനും സഭാംഗങ്ങൾ എന്ന നിലയിലുള്ള അവകാശാധികാരങ്ങൾക്കും അർഹതയില്ലാത്തതാകുന്നു. മലങ്കരസഭയുടെ സെമിത്തേരിയിൽ ശവസംസ്കാരത്തിനുള്ള അർഹത പോലും നഷ്ടമാകുന്നു. എന്നാൽ ഭരണഘടന അംഗീകരിച്ച് സഭാസംവിധാനത്തോട് സഹകരിക്കുന്നവർക്ക് എല്ലാ ആനുകൂല്യങ്ങളും കോടതി നൽകുന്നു. അതായത് ഒരേ സമയം തന്നെ നിയമം അനാദരിക്കുന്നവർക്ക് നിരോധനവും അത് അനുസരിക്കുന്നവർക്ക് അവകാശങ്ങളും നൽകുന്ന, മലങ്കരസഭയിൽ അനാവശ്യമായി സൃഷ്ടിക്കപ്പെട്ട ഇന്നത്തെ പ്രശ്നങ്ങൾക്ക് പൂർണ്ണ വിരാമമിടാൻ പോരുന്ന, വിധിന്യായമാണ് 2017 ജൂലൈ 3-ാം തീയതി ഇന്ത്യയിലെ പരമോന്നത കോടതി പുറപ്പെടുവിച്ചിട്ടുള്ളത്.

സാധാരണഗതിയിൽ കേസുകളിൽ വിധി വരുമ്പോൾ നേട്ടം അവയിലെ ഒരു കക്ഷിക്കായിരിക്കും. എന്നാൽ ഇവിടെ അങ്ങനെയല്ല. കേസ്സിൽ പരാജയപ്പെട്ടവർക്കും നിബന്ധനകൾ അംഗീകരിച്ച് വിജയിച്ചവർക്കുമൊപ്പം അവകാശം നേടാൻ സാധ്യത നൽകുന്ന വിധിയാണിത്. 1995-ൽ കോടതി നൽകിയ അനുരഞ്ജനാത്മകമായ വിധിയുടെ സാധ്യത ഏതെങ്കിലും കാരണത്താൽ നഷ്ടപ്പെടുത്തിയവർക്ക് ഒരു കർശനവിധിയിലൂടെ വീണ്ടും അവസരം നൽകിയിരിക്കുകയാണിപ്പോൾ. സഭൈക്യത്തിന് ദൈവം സൃഷ്ടിച്ചു തന്ന ഒരു പ്രത്യേക സൗജന്യമായി ഇതിനെ മനസ്സിലാക്കണം. ഭാരതത്തിലെ നീതിന്യായ സംവിധാനത്തോടുള്ള ആദരവും സഭയുടെ ഭാവിയെപ്പറ്റിയുള്ള കരുതലും പൊതുസമൂഹത്തിൽ സഭയുടെ സാക്ഷ്യവും നിലനിർത്താൻ അടിസ്ഥാനപരമായി സന്മനസ്സുമുള്ള ഒരു സഭാംഗത്തിന് ഈ അവസരം നഷ്ടപ്പെടുത്തുവാൻ സാധ്യമല്ല എന്നാണ് എന്റെ തോന്നൽ.

# ദൈവകൃപയുടെ പ്രവാഹം



**ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്ത**

(എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി)



മലങ്കര സഭയിൽ ദൈവകൃപയുടെ വ്യാപനം അതിശക്തമാണെന്ന് സഭാമക്കൾക്ക് ബോധ്യമാകുംവിധം ഭാരതത്തിന്റെ പരമോന്നത നീതിപീഠം സഭാകേസുകളിൽ സുദൃഢവും സുവ്യക്തവുമായ വിധിതീർപ്പു കല്പിച്ചിരിക്കുന്നു. സഭയുടെ കാവൽ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെ ദുഖ്റോനോ ദിനത്തിൽ തന്നെ സഭയുടെ ഐക്യത്തിന്റെയും സമാധാനത്തിന്റെയും നിയോഗമുണ്ടാവുക എന്നത് ദൈവത്തിന്റെ ഇടപെടലായി കാണുന്നു. സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ പരിശുദ്ധ കാതോലിക്കാ ബാവാ തുടങ്ങി അധികാര ശ്രേണിയിൽപ്പെട്ട എല്ലാവരും സഭാമക്കളും ബഹു. സുപ്രീംകോടതി വിധിയെ തികഞ്ഞ സംയമനത്തോടും സമാധാനത്തിന്റെ പ്രത്യാശയോടും കൂടി സ്വീകരിച്ചിരിക്കുന്നു.

1974 -ൽ മലങ്കരസഭയിൽ ഉണ്ടായ വേദനാജനകമായ പിളർപ്പിന് അന്ത്യം കുറിക്കുവാൻ വേണ്ടി ബഹു. സുപ്രീം കോടതി 1995 -ൽ വിധി തീർപ്പ് കല്പിച്ചിട്ടുള്ളതാണ്. കൂടാതെ, കോടതിയുടെ തന്നെ ഇടപെടലോടുകൂടി രണ്ടു കൂട്ടരെയും ഒരുമിപ്പിച്ചുകൊണ്ട് ജസ്റ്റിസ് മളീമഠിന്റെ സാന്നിദ്ധ്യത്തിൽ കൂടിയ 2002 -ലെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ മന:പൂർവ്വം പങ്ക്ചേരാതെ പുത്തൻകുരിശിൽ ചേർന്ന വിഘ

ടിതയോഗം 2002 -ലെ പ്രത്യേക ഭരണഘടന ഉണ്ടാക്കി അതിക്രമത്തിലൂടെയും കൈയ്യേറ്റത്തിലൂടെയും സമാധാനശ്രമങ്ങളെ അട്ടിമറിച്ചതിന്റെ പരിണിതഫലമായി 2017 ജൂലൈ 3-ലെ സുപ്രീം കോടതി വിധിയെ മനസ്സിലാക്കുന്നു.

ഇരുപത്തെട്ടു വിധിന്യായങ്ങളിൽ ഒരെണ്ണം മാത്രം ഇവിടെ ഉദ്ധരിക്കുന്നു: ''മലങ്കര സഭ എപ്പിസ്ക്കോപ്പൽ സ്വഭാവമുള്ളതും ഇത് 1934 -ലെ ഭരണഘടനയിൽ പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. ഇടവകപ്പള്ളികളുടെ കാര്യത്തിൽ പൂർണ്ണമായും ഭരണം നടത്തേണ്ടത് 1934 -ലെ ഭരണഘടന പ്രകാരമാണ്. അത് നിലനിൽക്കുന്നതുമാണ്.'' കോലഞ്ചേരി, വരിക്കോലി, മണ്ണത്തൂർ തുടങ്ങിയ ഇടവകപ്പള്ളികളുടെ വ്യവഹാരത്തിൽ ഉണ്ടായ വിധിന്യായമാണെങ്കിലും അത് മലങ്കരസഭയിലെ 2002 -ന് മുമ്പ് സ്ഥാപിക്കപ്പെട്ട എല്ലാ ദേവാലയങ്ങൾക്കും ബാധകമാണെന്ന് വ്യക്തമാക്കപ്പെട്ടിരിക്കുന്നു. 1934 -ലെഭരണഘടനയ്ക്ക് വിധേയമായി ഏവരും പ്രവർത്തിച്ചുകൊള്ളണം. സമാന്തര ആരാധനയും സമാന്തര ഭരണ നിർവ്വഹണവും ഒരു ഇടവകയിലും പാടുള്ളതല്ല. 2002 -ൽ ഉണ്ടായ വിഘടിത ഭരണഘടനയും മറ്റു പ്രത്യേക ഉടമ്പടികളുമൊക്കെ അസാധു. ആകയാൽ ബഹു. സുപ്രീം കോടതി നൽകിയിരിക്കുന്ന അന്തിമ വിധിന്യായം അനുസരിച്ചുകൊണ്ട് 1934 -ലെ സഭാ ഭരണഘടനയ്ക്ക് വിധേയമായി സഭാംഗങ്ങളായി തുടരുക എന്നതു മാത്രമാണ് കരണീയമായിട്ടുള്ളത്.

മലങ്കരസഭയിലെ ഒരു വിഭാഗം മനപൂർവ്വമോ അല്ലാതെയോ പ്രചരിപ്പിക്കുന്ന ചില വിഷയങ്ങളുണ്ട് :-

1) ഭൂരിപക്ഷത്തിന്റെ അഭിപ്രായം നോക്കി ഇടവകപ്പള്ളികളുടെ കാര്യങ്ങൾ നിശ്ചയിക്കണമെന്ന ആവശ്യം :- ഇതു കേട്ടു തുടങ്ങിയിട്ട് നാളുകൾ ഏറെ ആയിട്ടുണ്ട്. ബഹു. സുപ്രീം കോടതി വിധിന്യായത്തിൽ അതിനു വ്യക്തമായ ഉത്തരം നൽകിയിട്ടുണ്ട്. നിയമപരമായ ഒരു വ്യവസ്ഥിതിയ്ക്കുള്ളിൽ നിന്നാണ് ഭൂരിപക്ഷവും ന്യൂനപക്ഷവും നിശ്ചയിക്കപ്പെടുന്നത്. മലങ്കര സഭയിൽ കുറഞ്ഞപക്ഷം 1934 മുതലെങ്കിലും വ്യവസ്ഥാപിതമായ ഒരു നിയമസംഹിതയുണ്ട്. അതിനെ 1958 മുതൽ 1974 വരെ യാക്കോബായ വിഭാഗവും സ്വീകരിച്ചിട്ടുള്ളതാണ്. വിശ്വാസം, പട്ടത്വം, ശിക്ഷണം എന്നീ മൂന്ന് കാര്യങ്ങൾ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ അധികാരപരിധിയ്ക്കുള്ളിൽ വരുന്നവയാണ്. ഇവയ്ക്ക് പുറമെയുള്ള എല്ലാ കാര്യങ്ങളും സഭാ ഭരണഘടനയ്ക്ക് വിധേയമായി ഭൂരിപക്ഷത്തിന്റെ അഭിപ്രായപ്രകാരമാണ് നിർവ്വഹിക്കുന്നത്. വിശ്വാസം,പട്ടത്വം, ശിക്ഷണം എന്നീ കാര്യങ്ങൾ നിശ്ചയിക്കുന്ന പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിലെ അംഗങ്ങൾ

പോലും മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ ഭൂരിപക്ഷാഭിപ്രായപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവരാണ്. ഭൂരിപക്ഷാഭിപ്രായം സ്വീകരിക്കണമെന്ന് പ്രചരിപ്പിക്കുന്ന വിഭാഗത്തിലെ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അംഗങ്ങളിൽ ഒരാൾപോലും ഭൂരിപക്ഷാഭിപ്രായപ്രകാരം തെരഞ്ഞെടുക്കപ്പെട്ടവർ അല്ലെന്നുള്ളതാണ് വിരോധാഭാസം.

2) ഇടവകപ്പള്ളികളും സ്വത്തുക്കളും ഇടവകക്കാരുടേതാണെന്നും അവ സ്വതന്ത്രമാണെന്നുള്ള പ്രയോഗങ്ങൾ :- ഇടവകപ്പള്ളികളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുകയോ ഇടവകപ്പള്ളികളുടെ സ്വത്തുക്കൾ പിടിച്ചെടുക്കുകയോ ചെയ്യുന്ന ഒരു വ്യവസ്ഥയും മലങ്കര സഭാ ഭരണഘടനയിൽ ഇല്ല. വസ്തുക്കൾ വാങ്ങുന്നതും വിനിയോഗിക്കുന്നതും വിൽക്കുന്നതും പള്ളികൾ പണിയുന്നതും പള്ളികളിലെ ധനവിനിയോഗം നടത്തുന്നതും ഭരണനിർവ്വഹണവും എല്ലാം സഭാ ഭരണഘടനാനുസൃതം ഇടവകയോഗങ്ങളാണെന്നത് പകൽപോലെ വ്യക്തമാണ്. സഭാ ഭരണഘടനയ്ക്ക് വിധേയമായി അവ പരിശോധിക്കുകയും തിരുത്തൽ ആവശ്യമുണ്ടെങ്കിൽ അവ വരുത്തുകയും ചെയ്യുക മാത്രമാണ് പരിശുദ്ധ കാതോലിക്കാ ബാവായും അദ്ദേഹത്തോടു ചേർന്ന് നിൽക്കുന്ന മെത്രാപ്പോലീത്താമാരും ചെയ്യുന്നത്. അതുകൊണ്ടു തന്നെയാണ് ഇടവകകളുടെയും ഭദ്രാസനങ്ങളുടെയും സഭ മുഴുവന്റെയും കണക്കുകൾ കൃത്യമായും വ്യവസ്ഥാപിത സമിതികൾ അംഗീകരിച്ച്, സമർപ്പിക്കേണ്ട ഇടങ്ങളിൽ സമർപ്പിച്ച് രാഷ്ട്രനിയമങ്ങളോടുള്ള വിധേയത്വം ഉറപ്പിക്കുന്നത്. ഇടവകപ്പള്ളികളുടെ സ്വാതന്ത്ര്യം മലങ്കര സഭ അതിന്റെ ശിക്ഷണബോധത്തോടെ നടപ്പിലാക്കിയിരിക്കുന്നു എന്ന യാഥാർത്ഥ്യം സംശയമുള്ളവർ പരിശോധിച്ചു മനസ്സിലാക്കണം.

3) സഭാ വ്യവഹാരം വിശ്വാസത്തിന്റെ വിഷയമെന്നത് സമീപകാലത്തായി ഉയർന്നു വരുന്ന ഒരു വിഷയമാണ്. മലങ്കര സഭ ഓറിയന്റൽ ഓർത്തഡോക്സ് കുടുംബത്തിലെ ഒരു സജീവ അംഗമാണ്. ഒരേ വിശ്വാസം കാത്തു പരിപാലിക്കുന്ന സഭകളിൽ ഒരംഗമായിരിക്കുന്ന മലങ്കര സഭ ഏതു വിശ്വാസ കാര്യത്തിനാണ് വ്യതിചലനം ഉണ്ടാക്കിയിരിക്കുന്നതെന്ന് സംശയമുള്ളവർ അവർ കൂടുന്ന വേദിയിൽ ഉന്നയിച്ചാൽ മറുപടി നൽകാവുന്നതാണല്ലോ ! ഓറിയന്റൽ ഓർത്തഡോക്സ് സഭാ

പ്രതിനിധികൾ വർഷത്തിലൊരിക്കൽ കൂടിവരുന്ന ഒരു പതിവ് കുറെ വർഷങ്ങളായിയുള്ളതാണ്. അതിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രതിനിധികളും കൃത്യമായി സംബന്ധിക്കുന്നുണ്ട്. വിശ്വാസ വിഷയങ്ങളിലുള്ള അഭിപ്രായ വ്യത്യാസം അവിടെ ചർച്ച ചെയ്യട്ടെ. ഓർത്തഡോക്സ് ഓറിയന്റൽ സഭകളുടെ സഭാ വിജ്ഞാനീയം ആ കുടുംബത്തിൽപ്പെട്ട എല്ലാ സഭകൾക്കും ബാധകമാണ്. അതു പാലിക്കുവാൻ എല്ലാവരും ബാധ്യസ്ഥരുമാണ്.

മലങ്കര സഭയ്ക്ക് ഉന്നതിയിലേക്കു വരുവാൻ ദൈവം നൽകിയിരിക്കുന്ന സുവർണ്ണനിമിഷങ്ങളാണിത്. ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടും ഭാരതത്തിന്റെ പരമോന്നതനീതിപീഠം നൽകിയിരിക്കുന്ന അന്തിമ വിധിതീർപ്പിനെ മാനിച്ചുകൊണ്ടും ഐക്യത്തിലും സമാധാനത്തിലും ക്രൈസ്തവ ജീവിതം നയിക്കുവാൻ എല്ലാവരും ഒരുപോലെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ദൈവകൃപയുടെ വ്യാപനത്തെ വിനയപൂർവ്വം സ്വീകരിക്കുക.

# മലങ്കര സഭ:
# വ്യവഹാരത്തിന്റെ നാൾവഴികൾ

1. പുലിക്കോട്ടിൽ അഞ്ചാമൻ മെത്രാപ്പോലീത്തായും പാലക്കുന്നത്ത് തോമസ് മാർ അത്താനാസിയോസും (നവീകരണ വിഭാഗം) തമ്മിൽ 1877-ൽ ആരംഭിച്ചതാണ് സെമിനാരി കേസ്. പുലിക്കോട്ടിൽ തിരുമേനിക്ക് വിജയം ലഭിച്ച ഈ കേസ് 1877 -ലെ റോയൽ കോടതി വിധിയോടെ അവസാനിച്ചു. ഇതായിരുന്നു മലങ്കര സഭയിലെ വ്യവഹാര പരമ്പരയുടെ തുടക്കം.





2. 1911-ൽ അബ്ദുള്ള ദ്വിതീയൻ പാത്രിയർക്കീസ് അധികാര തർക്കത്തെ തുടർന്ന് മാർ ദീവന്നാസിയോസ് ആറാമനെ മുടക്കി. പാത്രിയർക്കീസിനെയും മെത്രാപ്പോലീത്തായെയും പിന്തുണയ്ക്കുന്നവർ ബാവാ കക്ഷി – മെത്രാൻ കക്ഷി എന്ന് അറിയപ്പെടാൻ തുടങ്ങി. ഇതോടെ ഒരു വ്യവഹാര പരമ്പര ആരംഭിച്ചു. സെമിനാരിക്കേസ്/വട്ടിപ്പണക്കേസ് എന്നറിയപ്പെട്ടിരുന്ന കേസിൽ മാർ ദീവന്നാസിയോസ് ആറാമൻ വിജയിച്ചത് 1928-ൽ ആണ്.

3. 1912-ൽ അന്ത്യോഖ്യാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് അബ്ദേദ് മ്ശിഹ മലങ്കരയിൽ ഒരു സ്വതന്ത്ര കാതോലിക്കേറ്റ് സ്ഥാപിച്ചു. മേല്പ്പട്ടക്കാരെ വാഴിക്കുന്നതിനും വി. മൂറോൻ കൂദാശ ചെയ്യുന്നതിനുമുള്ള അവകാശം മലങ്കരയിലെ കാതോലിക്കായ്ക്ക് വിട്ടുകൊടുത്തു.

4. 1934-ൽ കോട്ടയം എം.ഡി. സെമിനാരിയിൽ ചേർന്ന മലങ്കര അസ്സോസിയേഷൻ മലങ്കര ഭരണഘടന പാസ്സാക്കി. അതേതുടർന്ന് ആരംഭിച്ച പുതിയ വ്യവഹാരങ്ങളോടെ ഇരുകക്ഷികളും പാത്രിയർക്കീസ് കക്ഷി, കാതോലിക്കാ കക്ഷി എന്നിങ്ങനെ അറിയപ്പെടാൻ തുടങ്ങി.

5. പല കോടതികളിലും കേസുകൾ നടന്നു. 1958-ൽ ഭാരതത്തിലെ സുപ്രീംകോടതി കാതോലിക്കാ കക്ഷിക്ക് അനുകൂലമായി വിധി പുറപ്പെടുവിച്ചു. 1934 -ലെ ഭരണഘടന സാധുവാണെന്നും ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കായെ മലങ്കര മെത്രാപ്പോലീത്ത ആയി അംഗീകരിക്കണമെന്നും, പാത്രിയർക്കീസിന്റെ അധികാരം ഇല്ലാതാകുന്ന ബിന്ദുവിലാണെന്നും സുപ്രീംകോടതി വിധിച്ചു. പാത്രിയർക്കീസ് കക്ഷി കാതോലിക്കാ കക്ഷിക്ക് കോടതി ചിലവ് നൽകണമെന്നും കോടതി വിധിച്ചു. പാത്രിയർക്കീസ് കക്ഷി നിരുപാധികവും കാതോലിക്കാ കക്ഷി 1934 -ലെ ഭരണഘടനയ്ക്ക് വിധേയമായും പരസ്പരം സ്വീകരിച്ചു. 1958 മുതൽ 1971 വരെ സഭയിൽ സമാധാന കാലമായിരുന്നു.

6. 1971-ൽ പാത്രിയർക്കീസ് മാർത്തോമ്മാ ശ്ലീഹായ്ക്ക് പട്ടത്വമില്ല എന്ന 203-ാം നമ്പർ കല്പന ഇറക്കിയതും 1974-ൽ സഭാ ഭരണഘടന അനുസൃതമല്ലാതെ ഏകപക്ഷീയമായി ഇപ്പോഴത്തെ തോമസ് പ്രഥമനടക്കം 3 മേൽപ്പട്ടക്കാരെ വാഴിച്ചതും പ്രശ്നങ്ങൾ കൂടുതൽ വഷളാക്കി. നിയമവിരുദ്ധമായി അനേകം മെത്രാന്മാരെ വാഴിച്ചു. വീണ്ടും കേസുകൾക്ക് തുടർച്ചയായി 1995 -ൽ ഒരിക്കൽ കൂടി സുപ്രീം കോടതി 1934 -ലെ മലങ്കര സഭാ ഭരണഘടന ശരിവെച്ചു.

7. 1995 -ലെ സുപ്രീം കോടതിവിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സുപ്രീം കോടതി നിശ്ചയിച്ച നിരീക്ഷകനായ ജസ്റ്റിസ് മളീമഠിന്റെ സാന്നിദ്ധ്യത്തിൽ ഇരുവിഭാഗവും സംയുക്തമായി 2002 മാർച്ചിൽ പരുമലയിൽ അസോസിയേഷൻ നടത്താൻ തീരുമാനിച്ചെങ്കിലും പാത്രിയർക്കീസ് വിഭാഗം പുത്തൻകുരിശിൽ യോഗം ചേർന്ന് യാക്കോബായ സുറിയാനി സഭ രൂപീകരിക്കുകയും സൊസൈറ്റീസ് ആക്ട് പ്രകാരം അതിനൊരു ഭരണഘടന ഉണ്ടാക്കുകയും ചെയ്തു.

8. സുപ്രീം കോടതി വിധി നടത്തിപ്പിനായി ഓർത്തഡോക്സ് സഭ നടത്തിയ ശ്രമങ്ങളെ യാക്കോബായ വിഭാഗം തടഞ്ഞ് സംഘർഷങ്ങൾ ഉണ്ടാക്കി. '1995 -ലെ സുപ്രീം കോടതി വിധി ഇടവക പള്ളികൾക്ക് ബാധകമല്ല, രണ്ട് സഭകളായി പിരിയണം' തുടങ്ങിയ ആവശ്യങ്ങളോടെ യാക്കോബായ വിഭാഗം അപ്പീൽ നൽകി.

2017 ജൂലൈ 3 -ലെ സുപ്രീം കോടതി വിധി യാക്കോബായ വിഭാഗത്തിന്റെ ആവശ്യങ്ങൾ നിരാകരിക്കുകയും അപ്പീൽ തള്ളുകയും ചെയ്തു.

# ചരിത്ര മുഹൂർത്തങ്ങൾ

| | | |
|---|---|---|
| എ.ഡി 52 | – | മാർത്തോമ്മാ ശ്ലീഹാ ഭാരതത്തിൽ എത്തി |
| 1599 | – | ഉദയംപേരൂർ സുന്നഹദോസ് |
| 1653 | – | കൂനൻ കുരിശ് സത്യം |
| 1665 | – | അന്ത്യോഖ്യയിലെ സിറിയൻ സഭയുമായുള്ള ബന്ധത്തിന്റെ ആരംഭം |
| 1806 | – | ആർത്താറ്റ് പടിയോല |
| 1809 | – | കണ്ടനാട് പള്ളിപ്രതിപുരുഷയോഗം |
| 1815 | – | പഴയസെമിനാരി സ്ഥാപനം |
| 1836 | – | മാവേലിക്കര സുന്നഹദോസ് |
| 1876 | – | മുളന്തുരുത്തി സുന്നഹദോസ് |
| 1889 | – | റോയൽ കോടതി വിധി |
| 1912 | – | മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപനം |
| 1934 | – | മലങ്കര സഭാ ഭരണഘടനാ രൂപീകരണം |
| 1947 | – | പരുമല തിരുമേനിയേയും യൽദോ ബാവായേയും പരിശുദ്ധരായി പ്രഖ്യാപിച്ചു |
| 1958 | – | സുപ്രീംകോടതി വിധിയെ തുടർന്ന് സഭയിൽ ഇരുവിഭാഗങ്ങളും യോജിച്ചു |
| 1973 | – | മലങ്കര സഭയിൽ വീണ്ടും വിഘടിത വിഭാഗം ഉടലെടുക്കുന്നു. |
| 1995 | – | മലങ്കര സഭയ്ക്ക് അനുകൂലമായ സുപ്രീംകോടതി വിധി |
| 2002 | – | പരുമല അസോസിയേഷൻ |
| 2003 | – | വട്ടശേരിൽ തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിച്ചു. |
| 2012 | – | കാതോലിക്കേറ്റ് രൂപീകരണത്തിന്റെ ശതാബ്ദി |
| 2017 | – | സഭാ കേസുകൾ അവസാനിപ്പിച്ചു കൊണ്ട് സുപ്രീംകോടതിയുടെ അന്തിമ വിധി. |

For more copies, please contact:
The Public Relation Officer
Malankara Orthodox Syrian Church
Catholicate Aramana, Devalokam. P.O, Kottayam, 686004
PH: 0481 - 2572800, 2578500, E-mail : pro@mosc.in
Web: www.mosc.in, www.catholicatenews.in

@st.joseph orphanage press.chry 0481 2410101

PRIVATE CIRCULATION ONLY